MY LORD, MY GOD

# Bulletin

DIOCESE OF IRINJALAKUDA

JANUARY 2013

Book : 34 Volume : 1

P.B. No. 59, Irinjalakuda - 680121
Phone : 2826830, 2826820
Website : www.irinjalakudadiocese.com
E-mail : ijkbph@gmail.com

## ഉള്ളടക്കം


1. ഇടയശബ്ദം ............ 02
2. കച്ചേരിക്കാര്യങ്ങൾ ............ 04
3 വിജ്ഞാപനം ............ 06
4 ജസ്റ്റിസ് ഫോറം ............ 07
5 വിജ്ഞാപനം ............ 08
6 കർഷകദിനം – സർക്കുലർ ............ 10
7 മാർപാപ്പയുടെ സന്ദേശം ............ 14
8 പാസ്റ്ററൽ കൗൺസിൽ സമ്മേളന റിപ്പോർട്ട് ............ 24
9 ബ്ലസ് എ ഹോം ............ 27
10 മതബോധനം ............ 29
11 സഭാവാർത്തകൾ ............ 32
12 സോഷ്യൽ ആക്ഷൻ ............ 34
അവാർഡ് ............ 35
കെ.എൽ.എം. ............ 37
സെന്റ് പോൾസ് മൈനർ സെമിനാരി ............ 38
ബി.എൽ.എം. ............ 39
ബൈബിൾ അപ്പസ്തോലേറ്റ് ............ 40
സാൻജോസദൻ ............ 40
സ്പിരിച്ചാലിറ്റി സെന്റർ ............ 41
നവചൈതന്യ ............ 42
കാത്തലിക് മൂവ്മെന്റ് ............ 43
കരിസ്മാറ്റിക് മൂവ്മെന്റ് ............ 43
13 ഇടയന്റെ നാളെകൾ ............ 44
14 ഇടയന്റെ ഇന്നലെകൾ ............ 45

# ഇടയശബ്ദം



ഏറ്റവും സ്നേഹമുള്ള വൈദിക സുഹൃത്തുക്കളെ, പ്രിയ സമർപ്പിതരെ, മിശിഹായിൽ വാത്സല്യ സഹോദരി സഹോദരന്മാരേ,

2012 വർഷം മനോഹരമായി പൂർത്തിയാക്കി, 2013ലേക്ക് ഏറെ പ്രതീക്ഷകളോടെയും സ്വപ്നങ്ങളോടെയും പുതിയ തീരുമാനങ്ങളോടെയും പ്രവേശിക്കുന്ന നിങ്ങൾ ഓരോരുത്തർക്കും ഏറ്റവും അനുഗ്രഹദായകമായ ഒരു പുതുവത്സരം സ്നേഹത്തോടെ ആശംസിക്കുന്നു. ദൈവത്തിന്റെ കരം പിടിച്ച്, വിശ്വാസത്തിൽ ദൃഢത പ്രാപിച്ച്, ലഹരിവിമുക്തമായ ഒരു നാടിനെ സൃഷ്ടിക്കാനുള്ള ഉദ്യമത്തിൽ സഹകരിച്ച്, ഈ വർഷം മുഴുവനും ജീവിക്കുവാൻ ഈശ്വരന്റെ അനുഗ്രഹം നിങ്ങളോടൊപ്പം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നവംബർ മാസം 27–ാം തിയ്യതി മുതൽ ഡിസംബർ മാസം 6–ാം തിയ്യതി വരെ വിശുദ്ധ നാട്ടിലേക്ക് വിശ്വാസവർഷത്തിൽ തീർത്ഥാടനം നടത്താൻ കഴിഞ്ഞത് ഏറ്റവും വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. പഴയ നിയമ ചരിത്രവും പുതിയ നിയമചരിത്രവും ഉറങ്ങുന്ന മണ്ണിലൂടെ, ഒലിവ് പൂക്കുന്ന നാട്ടിലൂടെ, ഈന്തപ്പനകൾ കായ്ക്കുന്ന മരുഭൂമിയിലൂടെ, ജോർദ്ദാനും, ഇസ്രായേലും, പാലസ്തീനായും ചുറ്റി സഞ്ചരിച്ച് തീർത്ഥാടകസംഘത്തോടൊപ്പം യാത്ര ചെയ്യുമ്പോൾ പറഞ്ഞാൽ തീരാത്ത അനുഭവങ്ങളുടെ അക്ഷയഖനി മനസ്സിൽ നിറയുകയായിരുന്നു.

ദൈവം മോശയെ കാനാൻദേശം നോക്കി കാണാനായി നിറുത്തിയ നെബോ മലയും, പരിശുദ്ധ മറിയത്തിന് ഗബ്രിയേൽ മാലാഖയിൽനിന്ന് മംഗളവാർത്ത ലഭിച്ച സ്ഥലത്തെ പള്ളികളും, യൗസേപ്പിതാവിന്റെ ജോലിസ്ഥലം നിലനിൽക്കുന്ന ദേവാലയവും, യേശു ആദ്യത്തെ അത്ഭുതം നടത്തിയ കാനായിലെ പള്ളിയും, ഗലീലി തടാകവും, അപ്പം വർദ്ധിപ്പിച്ച സ്ഥലവും, സുവിശേഷഭാഗ്യങ്ങളുടെ മലയും, താബോർ മലയും, ബെത്സഥാ കുളവും, യേശുവിന്റെ ജനനസ്ഥലമായ ബെത്‌ലഹേമും, ആട്ടിടയന്മാരുടെ ഗുഹയും, സിയോൻ മലയും, ഓശാന പാടി യേശുവിനെ എതിരേറ്റ വീഥിയും,

ഗെത്സമൻ തോട്ടവും, അന്ത്യഅത്താഴം നടന്ന ഭവനവും, കാൽവരിമലയും, യേശുവിനെ സംസ്കരിച്ച കല്ലറയും, ലാസറിന്റെ കുഴിമാടവും, ചാവുകടലും, ജോർദ്ദാൻ നദിയും, സീനായ് മലയും, ഈജിപ്തിലെ പിരമിഡുകളും ഈ യാത്രയിൽ സന്ദർശിച്ചു.

വിശുദ്ധ നാട്ടിലെ പ്രധാനപ്പെട്ട എല്ലാ ദേവാലയങ്ങളിലും വി. ബലി അർപ്പിക്കുവാൻ അവസരം ലഭിച്ചത് വലിയ അനുഗ്രഹമായിരുന്നു. ഗെത്സമെൻ തോട്ടത്തിൽ ഈശോ രക്തം വിയർത്ത് പ്രാർത്ഥിച്ച പാറയുടെ അരികെ ദിവ്യകാരുണ്യനാഥനെ എഴുന്നള്ളിച്ച് വച്ച് ആരാധന നടത്തുവാൻ പ്രത്യേകം ഭാഗ്യം ഞങ്ങൾക്ക് കിട്ടി. പ്രാർത്ഥനാമന്ത്രങ്ങളുമായി, വചനം ധ്യാനിച്ച്, തീർത്ഥാടകരോടൊപ്പം യാത്ര നടത്തുമ്പോൾ പൂർവ്വികർ പകർന്നുതന്ന വിശ്വാസം ദൃഢമാകുന്നതും പഠിച്ചറിഞ്ഞ ബൈബിൾ ചരിത്രം ജീവിതത്തിന്റെ ഭാഗമാകുന്നതും ആദിമസഭയുടെ വിശ്വാസപോരാട്ടം സിരകളിൽ പടരുന്നതും അനുഭവിക്കാൻ കഴിഞ്ഞു.

വിശ്വാസവർഷത്തിൽ പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ തീർത്ഥാടനങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. വിശുദ്ധ മണ്ണിലൂടെ, രക്ഷകൻ നടന്നു നീങ്ങിയ വീഥികളിലൂടെ, ശിഷ്യന്മാർ ക്രിസ്തുവിനെ അനുഗമിച്ച നാട്ടിലൂടെ, ആദിമ ക്രൈസ്തവർ രക്തം ചിന്തി കാത്തുസൂക്ഷിച്ച വിശ്വാസപൈതൃകം കാലാകാലങ്ങളായി കൈമാറുന്ന ചരിത്രത്തിലൂടെ യാത്ര ചെയ്യുമ്പോൾ നാം കൂടുതൽ ബലമുള്ളവരാകുമെന്നും സുവിശേഷം ജീവിതത്തിലൂടെ മറ്റുള്ളവർക്ക് പങ്കുവച്ച് നൽകണമെന്ന ഉയർന്ന ചിന്തകൾ രൂപപ്പെടുമെന്നും പൂർവ്വികർ പകർന്നുതന്ന വിശ്വാസജ്വാല അടുത്ത തലമുറയിലേക്ക് സധൈര്യം പകരണമെന്നും തീർച്ചയായും നമ്മെ ഓർമ്മപ്പെടുത്തും. വിശുദ്ധനാട് മാത്രമല്ല, സുവിശേഷം ജീവിച്ച, സഭ വണങ്ങുന്ന, ഏവർക്കും മാതൃകയായ മഹത്വ്യക്തികൾ ജനിച്ച് ജീവിച്ച് മരിച്ച പുണ്യസ്ഥലങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുന്നതും വിശ്വാസവളർച്ചയ്ക്ക് എന്നും ഏറെ ഉപകാരപ്രദമായിരിക്കും.

ഏവർക്കും ധാരാളം ദൈവാനുഗ്രഹം നേർന്നുകൊണ്ട് പ്രാർത്ഥനയോടെ,

നിങ്ങളുടെ പിതാവ്

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

ഇരിങ്ങാലക്കുട
20. 12. 2012



# കച്ചേരി കാര്യങ്ങൾ

1 **Appointments**

**Rev. Fr. James Athiyunthan** appointed as Acting Vicar, St. Mary's Church, Thessery w.e.f. 9-12-2012. Relieved Asst. Vicar, Perambra

**Rev. Fr. Cijo Anto Aricatt** appointed as Asst. Vicar, St. Francis Xavier Church, Karanchira w.e.f. 14-12-2012.

2. **സീറോമലബാർ മിഷൻ ഞായർ : 13.01.2013**

ദനഹാതിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണ് സീറോ മലബാർ മിഷൻ ഞായർ. പ്രത്യേക പിരിവെടുത്ത് സംഖ്യ രൂപതാ പ്രൊക്കുറേറ്ററെ ജനുവരി മാസത്തിൽത്തന്നെ ഏല്പിക്കേണ്ടതാണ്.

3. **വൈദിക മാസധ്യാനം–നവവൈദികർക്ക് സ്വീകരണം**
ജനുവരി 3–ാം തിയ്യതി വ്യാഴാഴ്ച കാലത്ത് 10 മണിക്ക് രൂപതാ ഭവനത്തിൽവച്ച് നടത്തപ്പെടുന്നു. എല്ലാ ബഹു. അച്ചന്മാരും കൃത്യസമയത്ത് എത്തിച്ചേരുമല്ലോ.

4. **സഭൈക്യവാരം :** ജനുവരി 18ന് ആരംഭിക്കുന്നു. വിവിധ ക്രൈസ്തവ സമൂഹങ്ങൾ ക്രിസ്തുവിൽ ഒന്നായിത്തീരാനും സഭാവിശ്വാസം ഉപേക്ഷിച്ചവർ തിരിച്ചുവരാനും ഈ സഭൈക്യ വാരത്തിൽ പ്രത്യേകം പ്രാർത്ഥിക്കാം.

5. **റിപ്പബ്ലിക് ദിനം – ജനുവരി 26 :** നമ്മുടെ മാതൃരാജ്യമായ ഭാരതത്തെ സ്വതന്ത്ര, പരമാധികാര രാഷ്ട്രമാക്കി പടുത്തുയർത്താൻ പരിശ്രമിച്ച ഭരണഘടനാ ശില്പികളെ നമുക്ക് ഓർക്കാം; മാതൃരാജ്യത്തിനു വേണ്ടി പ്രാർത്ഥിക്കാം.

6. **ലോകസമാധാനദിനം – ജനുവരി 30 :** ഭാരതത്തിനുവേണ്ടി ജീവാർപ്പണം ചെയ്ത രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ സ്മരിച്ച് ലോകത്തിൽ സമാധാനവും ഐശ്വര്യവും പുലരുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

7. **അമ്പുതിരുനാൾ :** ആദ്ധ്യാത്മിക ഉണർവ്വ് പകരുന്നതിന് സഹായകമായ രീതിയിൽ തിരുനാൾ നടത്തുമല്ലോ. രൂപതാ നിർദ്ദേശങ്ങൾക്കനുസരിച്ച് അമ്പുപ്രദക്ഷിണങ്ങളുടെ സമയനിഷ്ഠ

പാലിക്കുവാനും അവ പൊതുനിരത്തുകളിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കാതിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തിരുനാളാഘോഷത്തോടനുബന്ധിച്ച് ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളാത്ത ഗാനമേള, സിനിമാറ്റിക് ഡാൻസ്, മെഗാഷോ തുടങ്ങിയ കലാപരിപാടികൾ ഉപേക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തിരുനാളാഘോഷങ്ങൾക്കു വരുന്ന ചെലവുകളുടെ പത്ത് ശതമാനമെങ്കിലും ഉപവി പ്രവർത്തനങ്ങൾക്കായി ബ്ലസ് എ ഹോം പദ്ധതിയിലേക്കോ, മെഴ്സി ട്രസ്റ്റിലേക്കോ, സൗജന്യ ഡയാലിസിസ് നടത്തുന്നതിന് സെന്റ് ജെയിംസ് ആശുപത്രിയിലേക്കോ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

8 **തിരുനാൾ റിപ്പോർട്ട് :** പ്രധാന തിരുനാളുകൾ കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ നിശ്ചിത ഫോറത്തിൽ റിപ്പോർട്ട് അയയ്ക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുക.

9 **വലിയ നോമ്പ് :** ഫെബ്രുവരി 10–ാം തിയ്യതി ഞായറാഴ്ച പാതിരാ മുതൽ നോമ്പ് ആരംഭിക്കുന്നു. വിഭൂതി മുതൽ ഉയിർപ്പുഞായർ വരെ വിവാഹാഘോഷം മുടക്ക്.

10. **രൂപതാബുള്ളറ്റിൻ :** 2012–ലെ ബുള്ളറ്റിനുകൾ ഒന്നിച്ച് ബൈൻഡ് ചെയ്ത് ഇടവക കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്.

11. **പിരിവുകൾ :** 2012–ൽ വിവിധ ആവശ്യങ്ങൾക്കായി രൂപതയിലെ നിർദ്ദേശപ്രകാരം നടത്തിയിട്ടുള്ള പിരിവുകളുടെ സംഖ്യ രൂപതാ പ്രൊക്കുറേറ്ററുടെ പക്കൽ ഇനിയും ഏല്പിക്കാത്ത ഇടവകകൾ ഈ മാസത്തിൽത്തന്നെ അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. തെരട്ടുഫീസ് നിശ്ചിത തിയ്യതിക്കുള്ളിൽ അടയ്ക്കാത്തവർ ഈ മാസം തന്നെ അത് തീർക്കേണ്ടതാണ്.

12. **പരിസ്ഥിതി സംരക്ഷണം :** പരിസ്ഥിതി സംരക്ഷിക്കുക നമ്മുടെ കടമയാണല്ലോ. അതുകൊണ്ടുതന്നെ പരിസ്ഥിതി മലിനീകരണം തടയാനുള്ള എല്ലാ മാർഗ്ഗങ്ങളും നാം അവലംബിക്കണം. അതിന്റെ ഭാഗമായി നമ്മുടെ രൂപതയിലെ ഇടവകകൾ, സ്ഥാപനങ്ങൾ, സംഘടനകൾ, കുടുംബങ്ങൾ എന്നിവ പ്രകൃതി മലിനീകരണം ഉണ്ടാക്കുന്ന വസ്തുക്കൾകൊണ്ട് നിർമ്മിക്കുന്ന ഫ്ളക്സ് ബോർഡുകൾ, ബാനറുകൾ തുടങ്ങിയവ ഉപേക്ഷിക്കേണ്ടതാണ്. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ ഇടവകകൾ, കുടുംബയൂണിറ്റുകൾ എന്നീ തലങ്ങളിൽ സംഘടിപ്പിക്കുന്നത് ഉചിതമാണ്.

രൂപതാ കാര്യാലയം
25. 12. 2012

**മോൺ. ജോസ് ഇരിമ്പൻ**
വികാരി ജനറാൾ

1255/12
19.12.2012

# വിജ്ഞാപനം

*യേശുക്രിസ്തുവിൽ സ്നേഹമുള്ള സഹോദരവൈദികരെ, സമർപ്പിതരെ, അല്മായ സഹോദരരെ,*

ഇരുപത്തിയഞ്ച് നോമ്പിന്റെ പുണ്യദിനങ്ങളും പിറവിത്തിരുനാളും കഴിഞ്ഞ് പുതുവർഷത്തിൽ തിരുനാളുകളുടെയും ആഘോഷങ്ങളുടെയും അവസരത്തിലേക്ക് നാം പ്രവേശിക്കുകയാണ്. നമ്മുടെ രൂപതയിലെ ഭൂരിഭാഗം ഇടവകകളിലും ഈ മാസം തിരുനാളുകൾ കൊണ്ടാടുന്നു, ഒപ്പം ഒരുപാട് ആഘോഷങ്ങൾ കുടുംബങ്ങളിലും നടക്കുന്നു.

ക്രൈസ്തവവിശ്വാസത്തിന്റെ പ്രഘോഷണവും ആഘോഷവുമായി ഓരോ തിരുനാൾദിനങ്ങളും മാറുമ്പോഴാണ് ക്രിസ്തീയ ചൈതന്യത്തിലേക്ക് നാം വളർന്നു എന്ന് പറയാൻ കഴിയുക. നാനാ ജാതിമതസ്ഥരായ അനേകർ പങ്കെടുക്കുന്ന നമ്മുടെ തിരുനാളുകൾ ആർഭാടത്തിന്റെയും ധൂർത്തിന്റെയും അതിരു കവിഞ്ഞ പ്രകടനമല്ല, മറിച്ച് ക്രിസ്തീയ സാക്ഷ്യത്തിന്റെ വലിയ സന്ദേശമാണ് കൈമാറേണ്ടത്. യുവജനങ്ങൾ ലഹരിവിമുക്തമായ ആഘോഷങ്ങൾക്ക്, പ്രത്യേകിച്ച് കുടുംബങ്ങളിലെ ഒത്തുകൂടലുകൾക്ക് നേതൃത്വം നല്കാൻ മുന്നിട്ടിറങ്ങണം. നമ്മുടെ സംസ്ക്കാരത്തെയും നാടിനെയും മലീമസമാക്കുന്ന എല്ലാ പ്രവണതകളെയും പ്രത്യേകമായി പ്രകൃതിയെ വിഷലിബ്ധമാക്കുന്ന വസ്തുക്കളുടെ ഉപയോഗത്തെയും മാലിന്യങ്ങളെ വഴിയരികിലും പൊതു സ്ഥലങ്ങളിലും വലിച്ചെറിയുന്ന ശീലങ്ങളെയും നാം മാറ്റിയെടുക്കണം.

തിരുനാളാഘോഷങ്ങൾക്കും മറ്റു ഇതര ആഘോഷപരിപാടികൾക്കും ചെലവഴിക്കുന്ന തുകയുടെ ഒരു നിശ്ചിത ശതമാനം അർഹതപ്പെട്ട, സമൂഹത്തിൽ അവശതയനുഭവിക്കുന്ന പാവപ്പെട്ടവരുമായി പങ്കുവയ്ക്കുമ്പോഴാണ് ആഘോഷങ്ങൾകൊണ്ട് അർത്ഥമുണ്ടാകുകയുള്ളൂ. വചനം ഓർമ്മപ്പെടുത്തുന്നതുപോലെ , "എന്റെ ഈ എളിയവരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്ത് തന്നത്" എന്ന് അന്ത്യവിധിനാളിൽ ക്രിസ്തുനാഥൻ മൊഴിയുമ്പോൾ വലതു ഭാഗത്തേക്ക് മാറ്റിനിറുത്തപ്പെടുന്നതിന് ജീവിച്ചിരിക്കുമ്പോൾ തന്നെ നാം നന്മകൾ ചെയ്യണം. പരി. പിതാവ് ബനഡിക്ട് പതിനാറാമൻ പാപ്പ "വിശ്വാസത്തിന്റെ വാതിൽ'' എന്ന പ്രമാണ രേഖയിൽ വിശ്വാസികളുടെ ജീവിത സാക്ഷ്യത്തിലൂടെ സഭയുടെ നവീകരണം സാധിക്കണമെന്ന് പ്രത്യേകമായി എടുത്തു പറഞ്ഞിട്ടുണ്ട്. "ക്രൈസ്തവർ ലോകത്തിലുള്ള അവരുടെ അസ്ഥിത്വം കൊണ്ടുതന്നെ കർത്താവായ യേശു നമുക്ക് നല്കിയ സത്യവചനം പ്രസരിപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു".

ഇടവകകളിൽ തിരുനാളാഘോഷങ്ങൾക്ക് സ്വരൂപിക്കുന്ന പണത്തിൽ നിന്നും കുടുംബങ്ങളിൽ വിവാഹം, ജൂബിലി, മാമ്മോദീസ, ജന്മദിനം, വിവാഹവാർഷികം തുടങ്ങിയ ആചരണങ്ങൾക്ക് ചെലവഴിക്കുന്ന ധനത്തിൽനിന്നും 10% ഉപവിപ്രവർത്തനങ്ങൾക്കായി രൂപതയിലെ ബ്ലസ് എ ഹോം പദ്ധതിയിലേക്കോ, മേഴ്സി ട്രസ്റ്റിലേക്കോ, സൗജന്യ ഡയാലിസിസ് നടത്തുന്നതിന് സെന്റ് ജെയിംസ് ആശുപത്രിയിലേക്കോ, അതിനുതുല്യമായ മറ്റു സാമൂഹിക- കുടുംബക്ഷേമ പദ്ധതികളിലേക്കോ നല്കുന്നതിന് ഞാൻ ആഹ്വാനം ചെയ്യുന്നു. ദൈവം എല്ലാവരേയും ഈ പുതുവർഷത്തിൽ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനയോടെ,



ഇരിങ്ങാലക്കുട
15.12. 2012

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

NB:- ഈ വിജ്ഞാപനം ജനുവരി 6-ാം തിയ്യതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

---

# ജസ്റ്റിസ് ഫോറം

## ക്രിസ്തുമസ് കൂട്ടായ്മ

13-12-12ൽ അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവിന്റെയും മോൺ. ജോസ് ഇരിമ്പൻ അച്ചന്റെയും സാന്നിധ്യത്തിൽ 'ജസ്റ്റിസ് ഫോറം', 'പ്രത്യാശ' എന്നിവയുടെ സംയുക്ത ക്രിസ്തുമസ് ആഘോഷം നടത്തുകയുണ്ടായി.

## അഭിഭാഷക സമ്മേളനം

ഇരിങ്ങാലക്കുട രൂപതയിലെ അഭിഭാഷകരുടെ സമ്മേളനം രൂപതാ ജസ്റ്റിസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ 16-12-12-ൽ രാവിലെ 10 മണി മുതൽ 1 മണി വരെ രൂപതാഭവനത്തിൽവച്ച് കൂടുകയുണ്ടായി. 60-ഓളം അഭിഭാഷകർ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു. ഇരിങ്ങാലക്കുട രൂപതാ വികാരി ജനറാൾ മോൺ. ജോസ് ഇരിമ്പൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. "സഭാനിയമങ്ങളും ആനുകാലിക പ്രശ്നങ്ങളും" എന്ന വിഷയത്തെക്കുറിച്ച് സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണൽ വൈസ് പ്രസിഡന്റ് ഡോ ജോസ് ചിറമ്മേൽ സംസാരിച്ചു. അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ അധ്യക്ഷതയിൽ പാനൽ ഡിസ്കഷൻ നടത്തി. ഡോ. വർഗ്ഗീസ് പാലത്തിങ്കൽ സഭാകോടതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. ഫാ. ജോജോ കുറ്റിക്കാടൻ പ്രാർത്ഥനാശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തു. ജസ്റ്റിസ് ഫോറം ഡയറക്ടർ ഡോ. ആന്റോ കരിപ്പായി സ്വാഗതവും ചെയർമാൻ അഡ്വ. ഇ.ടി. തോമസ് നന്ദിയും പറഞ്ഞു.

**ഫാ. ആന്റോ കരിപ്പായി**
ഡയറക്ടർ

1256/12
19.12.2012

# വിജ്ഞാപനം

*സ്നേഹബഹുമാനപ്പെട്ട വൈദികരെ, പ്രിയ സന്യസ്തരെ, പ്രിയ സഹോദരി സഹോദരൻമാരെ,*

സാർവത്രികസഭയിൽ വിശ്വാസവർഷവും നമ്മുടെ രൂപതയിൽ റൂബിജൂബിലി ലക്ഷ്യമാക്കികൊണ്ട് യുവജനവർഷവും ആചരിക്കുന്ന ഈ വേളയിൽ നിങ്ങൾ നൽകികൊണ്ടിരിക്കുന്ന എല്ലാ സഹായസഹകരണങ്ങൾക്കും ആദ്യമേ കൃതജ്ഞത അർപ്പിക്കുന്നു.

മാധ്യമരംഗത്ത് ഒരുപാട് നൂതനമായ വിപ്ലവങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് നമ്മുടെ രൂപതയിലെ എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും എത്തുന്ന ഒരു മാധ്യമം ഇന്നിന്റെ ആവശ്യമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ ഓർമ്മപ്പെടുത്തുന്നതുപോലെ, "മനുഷ്യ സമുദായത്തിന്റെ ഇന്നത്തെ വളർച്ചയും അതിലെ അംഗങ്ങൾ തമ്മിലുള്ള അടുത്ത ബന്ധങ്ങളും ആസ്പദമാക്കി ചിന്തിക്കുമ്പോൾ വാർത്താവിനിമയം അത്യന്തം ഉപകാരപ്രദവും അത്യന്താപേക്ഷിതവുമാണെന്ന് സിദ്ധിക്കുന്നു. അനുദിന വാർത്തകളും സംഭവവികാസങ്ങളും തക്കസമയത്ത് പ്രസിദ്ധീകരിക്കുന്ന പക്ഷം അവയോട് സമ്പർക്കംപുലർത്താൻ ഓരോ വ്യക്തിക്കും സാധിക്കും" (സാമൂഹ്യമാദ്ധ്യമങ്ങൾ No.5). സമൂഹത്തിൽ ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്ന ഒന്നാണ് മാധ്യമങ്ങൾ. കാരണം, വാർത്തകൾ ഉണ്ടാകുകയല്ല മറിച്ച് പലപ്പോഴും മാധ്യമങ്ങൾ വാർത്തകൾ സൃഷ്ടിക്കുകയാണല്ലോ ചെയ്യുന്നത്. ഇവിടെ സത്യം വിസ്മരിച്ച്, അർദ്ധ സത്യങ്ങളും അസത്യങ്ങളും പ്രസിദ്ധീകരിച്ച് ജനങ്ങളെ തെററിദ്ധരിപ്പിക്കുകയാണ് പല മാധ്യമങ്ങളും. അതുകൊണ്ട് സത്യത്തിനുവേണ്ടി നിലക്കൊള്ളുന്ന, സഭയുടെ നാവ് ആകുന്ന ഒരു മാധ്യമത്തിന്റെ ആവശ്യകത വർദ്ധിക്കുന്നു.

നമ്മുടെ രൂപതയിലെ ആളൂർ ബി. എൽ. എം. കേന്ദ്രമായി പ്രസിദ്ധീകരിച്ചുവരുന്ന "**കേരളസഭ**" ഇപ്പോൾ 42 വർഷം പൂർത്തീകരിക്കുന്നു. 2013 ജനുവരി മുതൽ കേരളസഭ പുതിയ രൂപഭാവങ്ങളോടെ വായനക്കാരുടെ കൈകളിലേക്ക് എത്തിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയാണ്. ഇരിങ്ങാലക്കുട രൂപതയിലെ 60000ൽ പരം കുടുംബങ്ങളിലേക്കും എല്ലാ സ്ഥാപനങ്ങളിലേയ്ക്കും രൂപതയ്ക്കു പുറത്തുള്ള എല്ലാ പ്രധാനപ്പെട്ട ക്രേന്ദങ്ങളിലേക്കും എത്തുന്ന രീതിയിൽ വിഭാവനം ചെയ്യുന്ന ഈ സംരംഭത്തിലേയ്ക്ക് എല്ലാവരുടെയും പ്രാർത്ഥനയും സഹായസഹകരണങ്ങളും വില

യേറിയ നിർദ്ദേശങ്ങളും അഭ്യർത്ഥിക്കുന്നു. ഇരിങ്ങാലക്കുട രൂപതയിലെ  എല്ലാ ഭവനങ്ങളിലേക്കും കേരളസഭ എത്തിയിരിക്കണം. നമ്മുടെ കുടുംബസമ്മേളനങ്ങൾവഴി എല്ലാ ഭവനങ്ങളിലേയ്ക്കും കേരളസഭ എത്തിക്കുന്നതിന് ബഹുമാനപ്പെട്ട വികാരിയച്ചൻമാരും കുടുംബകൂട്ടായ്മ ഭാരവാഹികളും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

*ക്രിസ്തുമസ് പുതുവത്സരാശംസകളോടെ,*

ഇരിങ്ങാലക്കുട
12.12.12

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

NB:- ഈ വിജ്ഞാപനം ജനുവരി 13–ാം തിയ്യതി ഞായറാഴ്ച കുർബ്ബാനമദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

---

"യുവാക്കളേ, ക്രിസ്തുവാണ് നിങ്ങളുടെ പാതകളിൽ പ്രകാശം. അവന്റെ വചനം നിങ്ങളെ വിശുദ്ധീകരിക്കും. അവനിൽ വിശ്വാസം അർപ്പിക്കുന്നവൻ രക്ഷ പ്രാപിക്കും. ആകയാൽ നിങ്ങൾക്ക് നൽകപ്പെട്ട വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുവിൻ"

STATE  IN FIDE (സ്താതെ ഇൻ ഫീദേ)
എപ്പാർക്കിയൽ യൂത്ത് അസംബ്ലി പഠനരേഖ

## Suspension Order

This is to inform you that Fr. Antony Padamadan, a priest of the Diocese of Punalur, is suspended from exercising the sacred ministries namely, celebrating the Holy Eucharist, preaching and administering the Sacraments and Sacramentals and from placing acts of governance as per CIC Canons 1333-1334 with effect from 10.03.2012 as per the Order Prot. No. OLP.48.2012 of Most Rev. Dr. Selvister Ponnumuthan, Bishop of Punalur.

**Mar Pauly Kannookadan**
Bishop of Irinjalakuda
17th December 2012

# 2013 ജനുവരി 15 കർഷകദിനം

## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

വീണ്ടുമൊരു കർഷകദിനം കൂടി വന്നെത്തിയിരിക്കുകയാണ്. കൃഷിയും കാർഷിക സംസ്കൃതിയും അവഗണിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ലോകം വ്യാവസായികമായി വളരുകയും വിവിധ സ്രോതസ്സുകളിൽനിന്നും ധനം ലഭ്യമാവുകയും ചെയ്യുന്ന സാഹചര്യത്തിൽ പൊതുവെ തിളക്കം കുറഞ്ഞ കാർഷികരംഗത്തുനിന്നും യുവതലമുറ പിൻവാങ്ങിക്കൊണ്ടിരിക്കുന്നു. മണ്ണിനെയും കൃഷിയെയും പറ്റിയുള്ള ആധുനിക തലമുറയുടെ അറിവും വളരെ പരിമിതമാണ്. ഈ സാഹചര്യത്തിൽ കാർഷിക സംസ്കാരവും കൃഷിയും നഷ്ടപ്പെടുത്തരുതെന്ന സന്ദേശമാണ് ഈ കർഷകദിനത്തിൽ ഞാൻ നിങ്ങൾക്ക് കൈമാറുന്നത്.

ദൈവമാണ് ഏറ്റവും വലിയ കൃഷിക്കാരൻ. ദൈവം ഭൂമിയെ സൃഷ്ടിച്ച് സകലവിധ ധാതുക്കളും ലവണങ്ങളും മൂലകങ്ങളും ലോഹങ്ങളും കോടാനുകോടി സൂക്ഷ്മജീവികളും പക്ഷിമൃഗാദികളും ഇഴജന്തുക്കളുംകൊണ്ട് അതിനെ നിറയ്ക്കുകയും ലക്ഷക്കണക്കിനു സസ്യലതാദികളുടെ വിത്തുകൾ നിക്ഷേപിച്ച് അതിനെ സമ്പന്നമാക്കുകയും ചെയ്തു. മണ്ണിൽനിന്ന് മനുഷ്യന് രൂപം കൊടുത്ത് ജീവൻ നല്കി. ഏദൻ തോട്ടത്തിൽ കൃഷി ചെയ്യാനായി ദൈവം മനുഷ്യനെ നിയോഗിച്ചു. ദിവസവും തോട്ടം കാണാൻ വന്ന് ആദ്യമനുഷ്യനോടുകൂടെ ഉലാത്തുന്ന ദൈവത്തിന്റെ ചിത്രമാണ് വിശുദ്ധഗ്രന്ഥം  അവതരിപ്പിക്കുന്നത്.

ഭൂമിയിലെ ജീവന്റെ നിലനിൽപ്പിന് വായുവും വെള്ളവും ഭക്ഷണവും ഒഴിച്ചുകൂടാനാവാത്തതാണ്. വായുവും വെള്ളവും സൂര്യപ്രകാശവും ദൈവം സൗജന്യമായി നല്കുമ്പോൾ ഭക്ഷണം മനുഷ്യൻ സ്വന്തമായി അധ്വാനിച്ചുണ്ടാക്കണമെന്നതാണ് ദൈവഹിതം. പരസ്പരം സഹകരണത്തിലും സ്നേഹത്തിലും കൂട്ടായ്മയിലും മനുഷ്യൻ കഴിഞ്ഞുകൂടണമെന്ന ദൈവത്തിന്റെ മഹത്തായ ചിന്തയിലാണ് കാർഷിക സംസ്കാരത്തിന്റെ തുടക്കം. കൃഷിയെന്നത് ഒരു ഉപജീവനമാർഗ്ഗമോ വരുമാനമാർഗ്ഗമോ മാത്രമല്ല. അതൊരു ജീവിത രീതിയാണ്. ഇംഗ്ലീഷിൽ Agri-culture (കൃഷിസംസ്കാരം) എന്നാണല്ലോ പറയുന്നത്. മനുഷ്യൻ മണ്ണിനോടും കൃഷിയോടുമുള്ള ബന്ധമുപേക്ഷിക്കുമ്പോൾ നഷ്ടമാകുന്നത് ഈ കാർഷികസംസ്കാരമാണ്, ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം തന്നെയാണ്. അത് മനുഷ്യവംശത്തിന്റെ തന്നെ നാശത്തിനു കാരണമാകും.

ആഗോളവത്കരണത്തിന്റെയും ലോകവ്യാപാരകരാറിന്റെയുമൊക്കെ ഫലമായി ലോകം ഒറ്റ വിപണിയായി മാറിക്കൊണ്ടിരിക്കുന്നു. വൻകിടവ്യവസായികൾക്കും കമ്പനികൾക്കും യഥേഷ്ടം കയറ്റിറക്കുമതി ചെയ്യാനുള്ള സ്വാതന്ത്ര്യമാണ് ലഭിച്ചിരിക്കുന്നത്. കാർഷികോത്പന്നങ്ങൾക്ക് ഏകദേശം സ്ഥിര വില ലഭിച്ചിരുന്ന സാഹചര്യം ഇന്നില്ല. വ്യാവസായിക മേഖലയുടെ താത്പ

ര്യമനുസരിച്ച് വിപണി ചാഞ്ചാടിക്കൊണ്ടിരിക്കുന്ന അവസ്ഥ ഇവിടുത്തെ കൃഷിക്കാരെ കടക്കാരും നിരാശരുമാക്കി. കാർഷിക മേഖലയ്ക്കുവേണ്ടി കേന്ദ്ര–സംസ്ഥാന സർക്കാരുകൾ ഭീമമായ തുക മുടക്കുന്നുണ്ടെങ്കിൽക്കൂടി നമ്മുടെ നാട്ടിലെ അഴിമതി നിറഞ്ഞ സാഹചര്യങ്ങളും ഉദ്യോഗസ്ഥദുഷ്പ്രഭുത്വവുംമൂലം അർഹരായവർക്കു പ്രയോജനം ലഭിക്കുന്നതിനോ അതുവഴി കാർഷികോത്പാദനം വർദ്ധിക്കുന്നതിനോ സാഹചര്യമൊരുക്കുന്നില്ല.

1965 മുതൽ ഏറെ പ്രതീക്ഷയോടെ നടപ്പിലാക്കിയ ഹരിതവിപ്ലവത്തിന്റെ വിജയം താത്കാലിക പ്രതിഭാസമായിരുന്നു. രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും അശാസ്ത്രീയവും അമിതവുമായ ഉപയോഗംമൂലം മണ്ണ് വിഷലിപ്തമാകുകയും വായുവും വെള്ളവും മലിനീകരിക്കപ്പെടുകയും ചെയ്തു. ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ വ്യാപകമായി. വിഷമയമായ ഭക്ഷണം കഴിച്ചാൽ രോഗം ശരീരത്തിനു മാത്രമല്ല ഉണ്ടാകുന്നത് എന്ന് നാം മനസ്സിലാക്കണം. ഭാവിതലമുറ ശരിയായ ശാരീരിക, മാനസിക ആരോഗ്യത്തോടെ വളർന്നുവരണമെങ്കിൽ അവർക്കു വിഷമില്ലാത്ത ഭക്ഷണം നല്കണമെന്ന കാര്യം നമ്മൾ മറക്കരുത്. ആധുനിക തലമുറയുടെ 'ഫാസ്റ്റ് ഫുഡ്' ഭ്രമം കുട്ടികളെ അല്പമൊന്നുമല്ല ദോഷകരമായി ബാധിക്കുന്നത്. മുമ്പൊക്കെ എട്ടും പത്തും മക്കൾക്ക് അമ്മമാർ അടുക്കളയിൽ ഭക്ഷണം പാകം ചെയ്തു നൽകിയിരുന്നില്ലേ? അതും സ്വന്തം പച്ചക്കറിത്തോട്ടത്തിൽ കൃഷിചെയ്തുണ്ടാക്കിയ വിളകൾ ഉപയോഗിച്ച്! ഇന്ന് ഒന്നോ രണ്ടോ മാത്രം കുട്ടികൾക്ക് ആവശ്യമായ ഭക്ഷണത്തിന്റെ ഒരു ഭാഗമെങ്കിലും സ്വന്തം തൊടിയിലുണ്ടാക്കി സ്വന്തമായി പാകം ചെയ്തുകൊടുക്കാൻ നമ്മുടെ കുടുംബങ്ങൾക്ക് കഴിയുകയില്ലേ?

കാർഷിക പ്രധാനമായ ഒരു സംസ്കാരത്തിന്റെ ഉടമകളായ നമ്മൾ അധ്വാനത്തിന്റെ വില അറിയുന്നവരും സ്വന്തം മണ്ണിൽ വിളയുന്ന ശുദ്ധമായ ഭക്ഷ്യവസ്തുക്കൾ ഭക്ഷിച്ച് ആരോഗ്യത്തോടെ വളർന്നു വന്നവരുമാണ്. ഇപ്പോഴും കൃഷിയെ സ്നേഹിക്കുകയും മണ്ണിനെ പരിപാലിക്കുകയും ചെയ്യുന്ന ഒരു വിഭാഗം നല്ല കർഷകർ നമ്മുടെയിടയിലുണ്ട്. എന്നാൽ കൃഷിയിടത്തിൽനിന്നു ലഭിക്കുന്ന പരിമിത വരുമാനം ഉയർന്ന ജീവിതച്ചെലവിനു മതിയാകാതെ ബാങ്കുകളിൽനിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കടം വാങ്ങി ഭൂരിഭാഗം കർഷകരും ഇന്ന് കടക്കാരായിരിക്കുന്നു. നിരവധിയാളുകൾ ആത്മഹത്യ ചെയ്തു. അനേകം കുടുംബങ്ങൾ അനാഥമായി. കാർഷികമേഖല അപ്പാടെ ഇന്ന് നഷ്ടത്തിന്റെയും തോൽവിയുടെയും അടയാളമായി മാറിയിരിക്കുകയാണ്.

അതോടൊപ്പം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യമുണ്ട്. സാമ്പത്തിക ലാഭം പ്രതീക്ഷിച്ച് ബഹുവിളകൃഷി സമ്പ്രദായം ഉപേക്ഷിച്ച് നാണ്യവിളകൾ മാത്രം കൃഷിചെയ്യാനുള്ള പ്രവണത വർദ്ധിച്ചുവരുന്നതായി കാണുന്നു. പരിസ്ഥിതിപ്രശ്നങ്ങൾക്കും കാലാവസ്ഥാവ്യതിയാനത്തിനുമൊക്കെ ഈ പ്രവണത വഴി തെളിക്കും. വീര്യമേറിയ രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം നിയന്ത്രിക്കാനും വേണ്ടെന്നുവയ്ക്കാനും പഠിച്ചില്ലെങ്കിൽ അതിന്റെ ദുഷ്ഫലങ്ങൾ ഭീകരമായിരിക്കും. ഭൂഗർഭജലം വിഷമയമാകുകയും മണ്ണിന്റെ ഫലപുഷ്ടി

നഷ്ടപ്പെടുകയും ചെയ്യുന്നു. തവളകളും മണ്ണിരകളും മത്സ്യങ്ങളും പക്ഷിജാല ങ്ങളുമെല്ലാം ചത്തൊടുങ്ങുന്നതു വഴിയായി പ്രകൃതിയുടെ സന്തുലിതാവസ്ഥ അപകടപ്പെട്ടു കഴിഞ്ഞു. ഭൂമിയെയും മണ്ണിനെയും സ്വാർത്ഥലക്ഷ്യങ്ങളോടെമാത്രം ഉപയോഗിച്ചു ചൂഷണം ചെയ്യുന്നത് വരുന്ന തലമുറയുടെ നാശത്തിനുകൂടി കാരണമാകും. വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണ് ഈ മണ്ണ്. കടന്നു പോയ അനേകം തലമുറകൾ ഉപയോഗിച്ച് നമുക്കുകൈമാറിയ ഭൂമി വരുംതല മുറയ്ക്കേൽപ്പിച്ചു കൊടുക്കാനുള്ള ധാർമ്മിക ബാധ്യത നമുക്കുണ്ട്. കുന്നിടി ക്കലും വയൽനികത്തലും വനനശീകരണവുമൊക്കെ മനുഷ്യന്റെയും മറ്റുജീവ ജാലങ്ങളുടെയും ആവാസവ്യവസ്ഥയെ തകിടംമറിക്കും. പ്രകൃതിക്കായി ദൈവം നിശ്ചയിച്ചിട്ടുള്ള താളവും ക്രമവും ലയവും നശിപ്പിക്കുന്നത് അതീവഗുരുതര മായ തെറ്റാണ്. മനുഷ്യന് ആവശ്യമുള്ള ഭക്ഷണവും മറ്റു വസ്തുക്കളും സ്ഥിരമാ യി നല്കാൻ ശേഷിയുള്ളത് മണ്ണിനു മാത്രമാണെന്നത് നമുക്ക് മറക്കാതിരിക്കാം.

അടുത്ത കാലത്തായി ഒറ്റ നോട്ടത്തിൽ വളരെ അത്യാവശ്യവും പുരോഗമ നപരവുമെന്നു തോന്നാവുന്ന ചില നിയമനിർമ്മാണങ്ങളും അവയ്ക്കുള്ള നീക്ക ങ്ങളും നടക്കുന്നത് നാം കാണാതിരുന്നുകൂടാ. കേരളത്തിൽ ഉണ്ടായിരുന്ന 10 ലക്ഷത്തോളം ഹെക്ടർ നെൽവയലുകൾ ഇന്നു വെറും രണ്ടരലക്ഷം ഹെക്ടറാ യി ചുരുങ്ങി. പണിക്കൂലി വർദ്ധന, വിളവിനു ന്യായവില ലഭിക്കായ്ക, കാലാവ സ്ഥാവ്യതിയാനം മുതലായ കാരണങ്ങൾ മൂലം കർഷകർ കൃഷിയിൽനിന്നു പിൻമാറിയപ്പോൾ കൃഷിയിൽ തുടരുന്നതിനുള്ള സാമ്പത്തിക സഹായമോ പ്രോത്സാഹനമോ മാറി മാറി വന്ന സർക്കാരുകളൊന്നും നല്കിയില്ല. നെൽവ യലുകൾ നികത്തി വ്യാവസായികാവശ്യങ്ങൾക്ക് ഉപയാഗിക്കാൻ എല്ലാവരും മൗനാനുവാദം നല്കി. ഈയിടെ കേന്ദ്ര ആസൂത്രണകമ്മീഷൻ ഉപാധ്യക്ഷൻ പറഞ്ഞത് കേരളത്തിലെ നെൽവയലുകൾ മുഴുവൻ നികത്തിക്കൊള്ളുക, ആവ ശ്യത്തിനുള്ള അരി കേന്ദ്രം തന്നുകൊള്ളാമെന്നാണ്. വ്യാവസായിക ലോബി യുടെ സമ്മർദ്ദത്തിനു വഴങ്ങി ലോക ഭക്ഷ്യകമ്പനി ഭീമന്മാരുടെ മുമ്പിൽ ഭിക്ഷാ പാത്രവുമായി ഓച്ഛാനിച്ചു നില്ക്കുവാൻ ഈ സ്ഥിതിവിശേഷം ഇടയാക്കും.

അതുപോലെതന്നെ സംശയമുണർത്തുന്നതാണ് ലോക പൈതൃക ഭൂപട ത്തിൽപ്പെടുത്തി കേരളത്തിലെ 24 താലൂക്കുകൾ പശ്ചിമഘട്ടസംരക്ഷണമെന്ന പേരിൽ വേർതിരിക്കാനുള്ള ഗവൺമെന്റിന്റെ നീക്കങ്ങൾ. പശ്ചിമഘട്ട പരി സ്ഥിതി അഥോറിറ്റി എന്ന പേരിൽ കോടതിയുടെ അധികാരങ്ങളുള്ള ഒരു സമി തിയുടെ മേൽനോട്ടത്തിലായിരിക്കും മേൽപറഞ്ഞ സ്ഥലങ്ങൾ. ലോക പരി സ്ഥിതിസംഘടനകൾ നിർദ്ദേശിക്കുന്ന എല്ലാ നിയന്ത്രണങ്ങളും ഈ പ്രദേശ ങ്ങൾക്കും ബാധകമാകും. ചുരുക്കത്തിൽ പ്രസ്തുത സ്ഥലങ്ങളിൽ കൃഷി ചെയ്യു ന്നതിനോ മറ്റു നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനോ കർശന നിയന്ത്രണ ങ്ങളുണ്ടാകും. ക്രമേണ ഇവിടെനിന്നും കാർഷിക ജനത മെല്ലെ ഒഴിഞ്ഞുപോ കാനുള്ള സാധ്യതയും ഉണ്ടാകും. പരിസ്ഥിതി സംരക്ഷിക്കുന്നതിനോ വന്യമൃ ഗങ്ങളെ സംരക്ഷിക്കുന്നതിനോ നമുക്കാർക്കും യാതൊരെതിർപ്പുമില്ല. അവ ആവ ശ്യവുമാണ്. എന്നാൽ മനുഷ്യജീവനെക്കാൾ വില വന്യമൃഗങ്ങൾക്കും വനവൃ

ക്ഷങ്ങൾക്കും നല്കുന്ന രീതി സംശയിക്കപ്പെടേണ്ടതാണ്. വനത്തിൽ പ്രവേശിച്ച് വന്യമൃഗങ്ങളെ ഉപദ്രവിക്കുകയോ കൊല്ലുകയോ ചെയ്യുന്നവരെ ശിക്ഷിക്കുന്നതു ന്യായമാണെങ്കിലും സ്വന്തം കൃഷിക്കും ജീവനും ഭീഷണിയാകുന്ന വന്യമൃഗത്തെ കൃഷിയിടത്തിൽവച്ചു പോലും ഭയപ്പെടുത്താൻ പാടില്ല എന്ന നിയമം ദുരൂഹമാണ്. നെൽവയലുകളെല്ലാം നികത്തി, മലയോര മേഖലകൾ സംരക്ഷിതമേഖലയായി പ്രഖ്യാപിച്ച് എല്ലാ ഭക്ഷ്യോത്പന്നങ്ങളുടെയും നാണ്യവിളകളുടെയും കൃഷി പരിമിതപ്പെടുത്തിക്കൊണ്ടുള്ള നിയമനിർമ്മാണങ്ങൾ ആർക്കുവേണ്ടിയാണെന്നത് നാം ചിന്തിക്കേണ്ടതാണ്. സ്വന്തം രാജ്യത്തെ ജനങ്ങളെ ഭരണാധികാരികൾ ആർക്കും അടിയറവയ്ക്കരുതെന്ന് ആഗ്രഹിക്കുകയാണ്.

നമ്മെ തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്ന മേൽപറഞ്ഞ ഭീഷണികളെപ്പറ്റി പഠിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും നമുക്ക് കൂട്ടായി പരിശ്രമിക്കാം. ഈ ലക്ഷ്യം മുമ്പിൽ കണ്ടുകൊണ്ടാണ് നാം ഇൻഫാം എന്ന കർഷക സംഘടനയ്ക്ക് രൂപം കൊടുത്തത്. ഏറ്റവും അസംഘടിത വിഭാഗമാണ് കർഷകർ. മറ്റെല്ലാവിഭാഗം ആളുകളും തൊഴിൽപരമായി സംഘടിക്കുന്നതും അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചു നേടിയെടുക്കുന്നതും നാം കാണുന്നുണ്ട്. എന്നാൽ രാജ്യത്തെ ഏറ്റവും വലിയ വിഭാഗമായ കൃഷിക്കാർ അസംഘടിതരാണ്. അവർ സംഘടിച്ചു ശക്തി നേടേണ്ടത് അടിയന്തിരമായ ആവശ്യമാണ്. അനുദിനാഹാരത്തിനുള്ള അന്നം കൃഷി ചെയ്തുണ്ടാക്കുന്നവരാണ് അവർ. ഇൻഫാമിന്റെ പ്രവർത്തനങ്ങളോട് എല്ലാ കർഷകരും സഹകരിക്കണമെന്നും സംഘടനവഴിയായി ശക്തിപ്പെട്ടുകൊണ്ട് രാഷ്ട്രനിർമ്മാണത്തിൽ പങ്കാളികളാകണമെന്നും അഭ്യർത്ഥിക്കുകയാണ്. കൂട്ടായ്മയുടെയും സഹകരണത്തിന്റെയും ഉത്തമമാതൃകകൾ വിരിചിക്കാൻ ഈ സംഘടനവഴിയായി സാധിക്കുമെന്നത് തീർച്ചയാണ്.

കർഷകദിനാചരണത്തിന്റെ ഭാഗമായി മുകളിൽപ്പറഞ്ഞ കാര്യങ്ങളെപ്പറ്റിയുള്ള ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ, പഠനയാത്രകൾ, ഗവൺമെന്റുതലത്തിലുള്ള ആനുകൂല്യങ്ങൾ പരമാവധി നേടിയെടുക്കുന്നതിനുള്ള അന്വേഷണങ്ങൾ, അവയുടെ ക്രോഡീകരണം, ഗവൺമെന്റുമായി സഹകരിച്ച് കൃഷി ചെയ്യൽ, കൂട്ടായ കൃഷികൾ നടത്തുന്നതിനുള്ള പരിശ്രമങ്ങൾ, കുട്ടികളെ കൃഷിയോടു താത്പര്യമുള്ളവരാക്കുന്നതിനുള്ള പരിപാടികൾ തുടങ്ങിയവയൊക്കെ നടപ്പിലാക്കണമെന്നും ഇടവകാതലത്തിൽ എല്ലാ മതസ്ഥരെയും ഉൾപ്പെടുത്തിയുള്ള കർഷക കൂട്ടായ്മകൾ സംഘടിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് വലിയമറ്റം**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

---

NB: 2013 ജനുവരി 13 -ാം തീയതി ഈ സർക്കുലർ കേരളത്തിലെ ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും പള്ളികളിലും ദിവ്യബലിമധ്യേ വായിക്കേണ്ടതാണ്.

# കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും ആഗോളദിനം

**2013 ജനുവരി 13 ഞായർ**
**ബെനഡിക്ട് 16–ാമൻ മാർപാപ്പായുടെ സന്ദേശം**

**കുടിയേറ്റങ്ങൾ: വിശ്വാസത്തിന്റെയും പ്രത്യാശയുടെയും തീർത്ഥാടനം**

**പ്രിയ സഹോദരീസഹോദരന്മാരേ,**

രണ്ടാം വത്തിക്കാൻ കൗൺസിൽ *ഗാവുദിയും ഏത്ത് സ്പെസ്* (സന്തോഷവും പ്രത്യാശയും) എന്ന അജപാലനപ്രമാണരേഖയിൽ "സഭ മനുഷ്യവംശത്തോടൊത്ത് മുന്നേറുന്നു" (നമ്പർ 40) വെന്ന് അനുസ്മരിച്ചു. അതുകൊണ്ട് "ഇക്കാലത്തെ മനുഷ്യരുടെ, പ്രത്യേകിച്ച് ദരിദ്രരുടെയും പീഡിതരുടെയും സന്തോഷവും പ്രത്യാശയും സങ്കടവും തീവ്രവേദനയും ക്രിസ്തുവിന്റെ അനുയായികളുടെയും കൂടിയാണ്. കലർപ്പില്ലാത്ത മനുഷ്യത്വത്തോടുകൂടിയ സകലതും വാസ്തവത്തിൽ അവരുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കുന്നുണ്ട്" (ഗാവുദിയും എത്ത് സ്പെസ്, 1).

ദൈവദാസനായ പോൾ ആറാമൻ *പോപ്പുളോരും പ്രൊഗ്രെസ്യോ (ജനതകളടെ പുരോഗതി)* എന്ന ചാക്രികലേഖനത്തിൽ സഭയെ "മനുഷ്യത്വത്തിന്റെ വിദഗ്ധ" (നമ്പർ 13) എന്നു വിളിച്ചപ്പോൾ ആ വാക്കുകൾ പ്രതിധ്വനിപ്പിക്കുകയായിരുന്നു. ജോൺപോൾ രണ്ടാമൻ മാർപാപ്പാ *ചെന്തേസിമൂസ് അന്നൂസ്* (നൂറാംവർഷം) എന്ന ചാക്രികലേഖനത്തിൽ "സഭ തന്റെ ദൗത്യം നിറവേറ്റാൻ സഞ്ചരിക്കേണ്ട പ്രാഥമികമാർഗം, ക്രിസ്തുതന്നെ കാണിച്ചുതന്ന മാർഗം" (നമ്പർ 53), മനുഷ്യവ്യക്തിയാണെന്നു പ്രസ്താവിച്ചപ്പോഴും അങ്ങനെ തന്നെ ചെയ്യുകയായിരുന്നു.

എന്റെ മുൻഗാമികളുടെ കാലടികൾ പിന്തുടർന്നുകൊണ്ട് *കാരിത്താസ് ഇൻ വേരിത്താത്തെ* (സത്യത്തിൽ സ്നേഹം) എന്ന ചാക്രികലേഖനത്തിൽ ഞാൻ ഇങ്ങനെ ഊന്നിപ്പറയാൻ ശ്രമിച്ചു: "മുഴുവൻ സഭയും തന്റെ മുഴുവൻ അസ്തിത്വത്തിലും പ്രവർത്തനത്തിലും–പ്രഘോഷിക്കുമ്പോഴും ആഘോഷിക്കുമ്പോഴും ജീവകാരുണ്യപ്രവൃത്തികൾ ചെയ്യുമ്പോഴും – സമഗ്രമാനുഷിക വികസനത്തെ പരിപോഷിപ്പിക്കുന്നതിൽ ഏർപ്പെടുകയാണ്" (നമ്പർ 11). വിവിധ കാരണങ്ങളാൽ കുടിയേറ്റം അനുഭവിച്ചറിഞ്ഞ ദശലക്ഷക്കണക്കിനു സ്ത്രീപുരുഷന്മാരെക്കുറിച്ചും ഞാൻ ചിന്തിക്കുകയായിരുന്നു. കുടിയേറ്റം, അതിൽ ഉൾപ്പെടുന്നവരുടെ യഥാർത്ഥസംഖ്യ, അത് ഉയർത്തുന്ന സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവും മതപരവുമായ പ്രശ്നങ്ങൾ, രാഷ്ട്രങ്ങൾക്കും അന്താരാഷ്ട്ര സമൂഹത്തിനുമെതിരേ അത് ഉയർത്തുന്ന വെല്ലുവിളി എന്നിവമൂലം വാസ്തവത്തിൽ വിസ്മയിപ്പിക്കുന്ന ഒരു പ്രതിഭാസമായിരിക്കുന്നു" (സത്യത്തിൽ സ്നേഹം,62)

എന്തെന്നാൽ "ഓരോ കുടിയേറ്റക്കാരനും മനുഷ്യവ്യക്തിയാണ്. അതുകൊണ്ടു തന്നെ ഓരോ വ്യക്തിയും ഓരോ സാഹചര്യത്തിലും ആദരിക്കേണ്ടവയും അന്യാധീനപ്പെടുത്താനാവാത്തവയുമായ മൗലികാവകാശ ങ്ങളുടെ ഉടമയുമാണ്" (സത്യത്തിൽ സ്നേഹം 62).

ഇക്കാരണത്താൽ കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും വേണ്ടിയുള്ള 2013–ലെ ലോകദിനത്തിൽ "കുടിയേറ്റങ്ങൾ: വിശ്വാസത്തിന്റെയും പ്രത്യാശയുടെയും തീർത്ഥാടനം" എന്ന പ്രമേയം പരിചിന്തനം ചെയ്യാൻ ഞാൻ തീരുമാനിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചതിന്റെ 50–ാം വാർഷികം, *എക്സുൾ ഫമീലിയ* (ബഹിഷ്കൃതകുടുംബം) എന്ന അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷൻ പുറപ്പെടുവിച്ചതിന്റെ 60–ാം വാർഷികം, നവസുവിശേഷവത്കരണത്തിനുള്ള വെല്ലുവിളി ആവേശത്തോടെ സ്വീകരിച്ച് ആഗോളസഭ വിശ്വാസവർഷം ആഘോഷിക്കുന്ന സന്ദർഭം എന്നിവയോടു അനുബന്ധിച്ച്, ഇപ്രകാരം ചിന്തിക്കാൻ ഞാൻ ആഗ്രഹിച്ചു.

അനേകം കുടിയേറ്റക്കാരുടെ ഹൃദയങ്ങളിൽ ശരണവും പ്രത്യാശയും അവിഭാജ്യമായി നിലകൊള്ളുന്നു. മെച്ചപ്പെട്ട ജീവിതമുണ്ടായിരിക്കണമെന്ന് തീവ്രമായി ആഗ്രഹിക്കുന്ന അവർ വാഗ്ദാനങ്ങൾ നല്കാതിരിക്കുന്ന ഭാവിയുടെ "നിരാശ" പരിത്യജിക്കാൻ കൂടെക്കൂടെ പരിശ്രമിക്കുന്നുണ്ട്. ദൈവം തന്റെ മക്കളെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്ന അഗാധമായ വിശ്വാസം അവരിൽ പലരെയും അവരുടെ യാത്രയിൽ താങ്ങിനിറുത്തുന്നു. ഈ സുനിശ്ചിതത്വമാണ് പിഴുതെറിയലിന്റെയും വേർപെടുത്തലിന്റെയും വേദനയെ ലഘുകരിക്കുകയും കൂടുതൽ സഹനീയമാക്കുകയും ചെയ്യുന്നത്. കാല ക്രമേണ മാതൃരാജ്യത്തേക്ക് തിരിച്ചു ചെല്ലാനാവുമെന്ന പ്രത്യാശയും അത് അവർക്ക് പ്രദാനം ചെയ്യുന്നു. കുടിയേറ്റക്കാർ മിക്കപ്പോഴും കൈവശം വച്ചിരിക്കുന്നവയുടെ കൂട്ടത്തിൽ വിശ്വാസവും പ്രത്യാശയുമുണ്ടായിരിക്കും. അവർ ഒരു വസ്തുത അറിയുന്നു. അതായത്, "അവ മൂലം നമ്മുടെ വർത്തമാന കാലത്തെ നമുക്കു നേരിടാൻ കഴിയും. വർത്തമാനകാലം ക്ലേശം നിറഞ്ഞതാ ണെങ്കിലും അത് ഒരു ലക്ഷ്യത്തിലേക്കു നയിക്കുന്നുവെങ്കിൽ, ആ ലക്ഷ്യത്തെ ക്കുറിച്ചു നമുക്ക് ഉറപ്പുണ്ടെങ്കിൽ, അതിലേക്കുള്ള യാത്രയ്ക്ക് വേണ്ടിവരുന്ന അധ്വാനത്തെ നീതീകരിക്കാൻ തക്കവിധം ആ ലക്ഷ്യം വലുതാണെങ്കിൽ അതു സ്വീകരിക്കാനും അതനുസരിച്ചു ജീവിക്കാനും നമുക്കു കഴിയും" (പ്രത്യാശയിൽ രക്ഷ, 1).

കുടിയേറ്റത്തിന്റെ വിപുലമായ മേഖലയിൽ സഭ വിവിധരീതികളിൽ തന്റെ മാതൃസഹജമായ താത്പര്യം വ്യക്തമാക്കുന്നു. ഒരു വശത്ത്, മിക്കപ്പോഴും വേദനാജനകവും ദുരന്തപരവുമായ സാഹചര്യങ്ങളിലേക്ക് നയിക്കുന്നവയും കുടിയേറ്റത്തിലുള്ളവയുമായ കടുത്ത ദാരിദ്ര്യം, യാതന എന്നിവയ്ക്ക് സഭ സാക്ഷ്യം വഹിക്കുന്നു. വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഇടവകപരവും രൂപതാപരവുമായ സംഘടനകളുടെയും ഉദാരമായ സഹായത്തോടെ, സന്മനസ്സുള്ള സകലരു

ടെയും സഹകരണത്തോടെ, അടിയന്തിരാവശ്യങ്ങൾ നേരിടാൻ ലക്ഷ്യം വയ്ക്കുന്ന കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യാൻ ഇതു സഭയെ പ്രചോദിപ്പിക്കുന്നു.

കുടിയേറ്റങ്ങൾ നല്കുന്ന ഭാവാത്മകവശങ്ങളെയും സാധ്യതകളെയും വിഭവങ്ങളെയും ഉയർത്തിക്കാണിക്കാനും സഭ പരിശ്രമിക്കുന്നുണ്ട്. ഈ പ്രവർത്തനരീതിക്ക് അനുസൃതമായി കുടിയേറ്റക്കാരുടെയും ആശ്രയം തേടുന്നവരുടെയും അഭയാർത്ഥികളുടെയും പൂർണമായ ഉദ്ഗ്രഥനത്തെ സഹായിക്കാനും താങ്ങി നിറുത്താനുമുള്ള കർമ്മപരിപാടികളും സ്വാഗത കേന്ദ്രങ്ങളും സ്ഥാപിച്ചുകഴിഞ്ഞു. ഓരോ വ്യക്തിയുടെയും ജീവിതത്തിനു മൗലികമായിട്ടുള്ള മതാത്മകമാനത്തെ അവഗണിക്കാതെതന്നെ അവരെ പുതിയൊരു സാമൂഹിക-സാംസ്കാരിക സാഹചര്യത്തോടു സമന്വയിപ്പിക്കാനാണ് അങ്ങനെ ചെയ്തിരിക്കുന്നത്.

യഥാർത്ഥത്തിൽ ക്രിസ്തു ഭരമേല്പിച്ച ദൗത്യത്തിന്റെ ശക്തിയാൽ, ഈ മാനത്തിനാണ് സഭ സവിശേഷ ശ്രദ്ധയും പരിചരണവും നല്കേണ്ടത്. ഇതാണ് സഭയുടെ ഏറ്റവും പ്രധാനപ്പെട്ടതും സവിശേഷവുമായ കർത്തവ്യം.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു വന്നുചേരുന്ന ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം മതാത്മക മാനത്തോടുള്ള ശ്രദ്ധയിൽ എക്യുമെനിക്കൽ സംവാദവും പുതിയ സമൂഹങ്ങളുടെ പരിശീലനവും ഉൾപ്പെടുന്നുണ്ട്. അതേ സമയം കത്തോലിക്കാവിശ്വാസികളെ സംബന്ധിച്ചിടത്തോളം മറ്റു പലതിന്റെയും കൂട്ടത്തിൽ പ്രാദേശിക സഭാത്മകസമൂഹത്തിന്റെ ജീവിതത്തിൽ പൂർണമായ പങ്കുചേരലിനെ പോഷിപ്പിക്കുന്നതിന് പുതിയ അജപാലന വ്യവസ്ഥിതി ക്രോഡീകരിക്കുകയെന്നതും വിവിധ റീത്തുകളോടുള്ള ആദരം പ്രദർശിപ്പിക്കുകയെന്നതും അതിൽ ഉൾപ്പെടുന്നു.

“ലോകത്തിന്റെ ഏകരക്ഷകനായ കർത്താവിലേക്കുള്ള യഥാർത്ഥവും നവീകൃതവുമായ മാനസാന്തരത്തിലേക്ക്” (വിശ്വാസത്തിന്റെ വാതിൽ, 6) വഴി തുറക്കുന്ന ആധ്യാത്മിക സംസർഗത്തോടൊപ്പം പോകുന്ന ഒന്നാണ് മാനുഷിക സമുദ്ധാരണം. സുസ്ഥിരവും വിശ്വസനീയവുമായ പ്രത്യാശയിലേക്കുള്ള വഴി തുറക്കുന്ന ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിലേക്കു ജനങ്ങളെ നയിക്കുമ്പോൾ അമൂല്യമായ ഒരു സമ്മാനമാണ് സഭ എപ്പോഴും നല്കുന്നത്.

കുടിയേറ്റക്കാരെയും അഭയാർത്ഥികളെയും പരിഗണിക്കുന്ന സ്ഥലങ്ങളിൽ സഭയും അതിന്റെ വിവിധ ഏജൻസികളും ജീവകാരുണ്യപരമായ സേവനങ്ങൾ മാത്രം കാഴ്ചവയ്ക്കുന്ന നിലപാട് ഒഴിവാക്കണം. സമൂഹത്തിൽ യഥാർത്ഥമായ ഉദ്ഗ്രഥനം വളർത്താനുംകൂടി വിളിക്കപ്പെട്ടവരാണവർ. ആ സമൂഹത്തിൽ എല്ലാവരും സജീവപ്രവർത്തകരും മറ്റുള്ളവരുടെ ക്ഷേമത്തിന് ഉത്തരവാദികളുമായിരിക്കണം. സർഗാത്മക സംഭാവന ഉദാരതയോടെ നല്കികൊണ്ട് ഒരേ അവകാശങ്ങളും കടമകളും ശരിയായി പങ്കുവയ്ക്കുന്നവരുമായിരിക്കണം.

കുടിയേറ്റക്കാർ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ബോധമുള്ള വരാണ്. അത് ജീവിതത്തിൽ മെച്ചപ്പെട്ട അവസരങ്ങൾ അന്വേഷിക്കാൻ അവരെ പ്രചോദിപ്പിക്കുകയും അതിൽ താങ്ങിനിറുത്തുകയും ചെയ്യുന്നുണ്ട്. എന്നാലും തങ്ങളുടെ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ സ്ഥിതി മെച്ചപ്പെടുത്താൻ മാത്രമല്ല അവർ പരിശ്രമിക്കുന്നത്. കുടിയേറ്റത്തിന്റെ അനുഭവം മിക്കപ്പോഴും ഭയത്തിലാണ് തുടങ്ങുന്നതെന്നത് സത്യമാണ് – പ്രത്യേകിച്ച്, മതപീഡനവും അക്രമവും അതിന്റെ കാരണമായിരിക്കുമ്പോൾ, ഒരുവിധത്തിൽ നിലനില്പിനുള്ള ഉറപ്പു നല്കിയിരിക്കുന്ന കുടുംബവും വസ്തുവകകളും പരിത്യജിക്കേണ്ടിവന്നതുമൂലമുള്ള ആഘാതത്തിൽ അതു തുടങ്ങുമ്പോൾ അപ്രകാരമായിരിക്കും. എന്നാലും സഹനവും വലിയ നഷ്ട ങ്ങളും ചിലപ്പോൾ അനിശ്ചിതഭാവിയുടെ മുമ്പിലുണ്ടാകുന്ന ലക്ഷ്യബോധ നഷ്ടവും പുതിയൊരു രാജ്യത്ത് ശരണത്തോടും ധീരതയോടും കൂടി ഒരു പുതിയ ജീവിതം പടുത്തുയർത്താൻ കഴിയുമെന്ന സ്വപ്നത്തെ നശിപ്പിക്കു ന്നില്ല. സ്വീകരണവും ദൃഢൈക്യവും സഹായവും കണ്ടെത്തുമെന്ന് കുടിയേറ്റക്കാർ യഥാർത്ഥത്തിൽ വിശ്വസിക്കുന്നുണ്ട്. മറ്റുള്ളവർ അനുഭവിച്ച നിരാശയും ദുരന്തവും സഹതാപത്തോടെ കാണുന്ന ആളുകളെ കണ്ടുമുട്ടു മെന്ന് അവർ വിശ്വസിക്കുന്നു. മറ്റുള്ളവർക്ക് പ്രദാനംചെയ്യാൻ കുടിയേറ്റക്കാ ർക്കു കഴിയുന്ന വിഭവങ്ങളെ അംഗീകരിക്കുന്ന, ആവശ്യത്തിൽപെട്ടവരോടും പ്രതികൂലസാഹചര്യത്തിലുള്ളവരോടും മാനുഷികമായും ഭൗതികമായും പങ്കു വയ്ക്കാൻ സന്മനസ്സുള്ള, ആളുകളെ കണ്ടുമുട്ടുമെന്ന് അവർ വിശ്വസിക്കു ന്നുണ്ട്. "നമുക്ക് ഉപകാരം ചെയ്യുന്ന മാനുഷികദൃഢൈക്യമെന്ന യാഥാർത്ഥ്യം ഒരു കടമകൂടി നമ്മെ ഏല്പിക്കുന്നുണ്ട്" (*സത്യത്തിൽ സ്നേഹം,* 43) എന്ന വസ്തുത ഗ്രഹിക്കുകയെന്നത് സുപ്രധാന കാര്യമാണ്.

കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും തങ്ങളുടെ പ്രയാസങ്ങളോ ടൊപ്പം സ്വാഗതം ചെയ്യുന്ന പുതിയ ബന്ധങ്ങൾ അനുഭവിക്കാൻ കഴിയും. ആ ബന്ധങ്ങൾ അവരെ അവരുടെ പുതിയ രാജ്യങ്ങളെ തങ്ങളുടെ തൊഴിൽ പരമായ വൈദഗ്ധ്യംകൊണ്ടും സാമൂഹിക–സാംസ്കാരിക പൈതൃകം കൊണ്ടും മിക്കപ്പോഴും വിശ്വാസസാക്ഷ്യംകൊണ്ടും സമ്പന്നമാക്കാൻ സാധിക്കുന്നവരാക്കും. പൗരാണിക ക്രൈസ്തവപാരമ്പര്യമുള്ള സമൂഹങ്ങ ളിലേക്ക് പുതിയ ഊർജവും ജീവനും പകരാൻ വിശ്വാസസാക്ഷ്യത്തിനു കഴിയും. ക്രിസ്തുവിനെ കണ്ടുമുട്ടാനും സഭയെ അറിയാനും മറ്റുള്ളവരെ ക്ഷണിക്കാൻ അതിനു കഴിയും.

കുടിയേറ്റം നിയന്ത്രിക്കാൻ ഓരോ രാജ്യത്തിനും തീർച്ചയായും അവകാശമുണ്ട്. പൊതുനന്മയുടെ പൊതുവായ ആവശ്യങ്ങളനുസരിച്ച് നയങ്ങൾ ക്രോഡീകരിക്കാനും അവകാശമുണ്ട്. അവയെല്ലാം ഓരോ മനുഷ്യവ്യക്തിയുടെയും മഹത്ത്വത്തോടുള്ള ബഹുമാനം കാത്തു സൂക്ഷിക്കുന്നതായിരിക്കണമെന്നേയുള്ളൂ. രണ്ടാം വത്തിക്കാൻ കൗൺസി

ലിന്റെ "*സന്തോഷവും പ്രത്യാശയും*" എന്ന കോൺസ്റ്റിറ്റ്യൂഷന്റെ 65-ാം ഖണ്ഡികയിൽ ഓർമ്മിപ്പിക്കുന്നതുപോലെ, കുടിയേറാൻ വ്യക്തികൾക്കുള്ള അവകാശം മൗലികാവകാശങ്ങളിൽ ഒന്നായി എണ്ണപ്പെട്ടിരിക്കുന്നു. വ്യക്തികൾക്ക് തങ്ങളുടെ കഴിവുകളും ആഗ്രഹങ്ങളും പദ്ധതികളും സാക്ഷാത്കരിക്കാൻ ഉത്തമയായ സ്ഥലമെന്നു കരുതുന്ന എവിടെയും താമസിക്കാൻ അത് അനുവദിക്കുന്നുണ്ട്.

എന്നാൽ ഇന്നത്തെ സാമൂഹിക രാഷ്ട്രീയ സാഹചര്യത്തിൽ കുടിയേറാനുള്ള അവകാശത്തിനു മുമ്പേതന്നെ കുടിയേറ്റം നടത്താതിരിക്കാനുള്ള അവകാശം – അതായത് മാതൃരാജ്യത്തു തന്നെ നിവസിക്കാനുള്ള അവകാശം – ഉറപ്പാക്കേണ്ടതുമുണ്ട്. വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ പ്രസ്താവിച്ചതുപോലെ "സ്വന്തം രാജ്യത്തു ജീവിക്കുകയെന്നത് ഒരു മൗലിക മനുഷ്യാവകാശമാണ്. എന്നാൽ കുടിയേറ്റം നടത്താൻ ആളുകളെ നിർബന്ധിക്കുന്ന ഘടകങ്ങളെ സ്ഥിരമായി നിയന്ത്രണവിധേയമാക്കിയാലേ ഈ അവകാശങ്ങൾ കാര്യക്ഷമമാകുകയുള്ളൂ" *(കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും അജപാലന ശുശ്രൂഷയെ സംബന്ധിച്ച നാലാമത്തെ ആഗോള സമ്മേളനത്തിലെ അഭിസംബോധന, ഖണ്ഡിക 9).*

ഇന്ന് വാസ്തവത്തിൽ സാമ്പത്തിക അസ്ഥിരത, അവശ്യവസ്തുക്കളുടെ ദൗർലഭ്യം, പ്രകൃതിപരമായ ദുരന്തങ്ങൾ, യുദ്ധങ്ങളും സാമൂഹികാസ്വസ്ഥതയും എന്നിവയുടെ ഫലമാണ് അനേകം കുടിയേറ്റങ്ങളെന്ന് നമുക്കു കാണാം. അപ്പോൾ ശരണവും വിശ്വാസവും പ്രത്യാശയും നിറഞ്ഞ ഒരു തീർത്ഥാടനത്തിനു പകരം കുടിയേറ്റം നിലനില്പിനുവേണ്ടി നടത്തുന്ന ഒരഗ്നി പരീക്ഷയായി മാറുന്നു. അവിടെ സ്ത്രീപുരുഷന്മാർ കുടിയേറാനുള്ള തീരുമാനത്തിന്റെ ഉത്തരവാദിത്വമുള്ള പ്രവർത്തകരെന്നതിനെക്കാൾ ബലിയാടുകളാവുകയാണ്. അതിന്റെ ഫലമായി ചില കുടിയേറ്റക്കാർ തൃപ്തികരമായ സാമൂഹികപദവിയും അന്തസ്സുള്ള ജീവിത നിലവാരവും നേടുമ്പോൾ മറ്റുള്ള അനേകർ പാർശ്വവത്കരിക്കപ്പെട്ടവരും മിക്കപ്പോഴും ചൂഷണവിധേയരും മൗലികാവകാശങ്ങൾ അപഹരിക്കപ്പെട്ടവരുമായിത്തീരു കയാണ്. അല്ലെങ്കിൽ അവർ ആതിഥേയ സമൂഹത്തിന് ദ്രോഹകരമായ പെരുമാറ്റരീതികളിൽ ഏർപ്പെടുന്നവരാകുകയാണ്.

ഉദ്ഗ്രഥനപ്രക്രിയയ്ക്ക് അത്യന്താപേക്ഷിതമാണ് അവകാശങ്ങളും കടമകളും കുടിയേറിയവരുടെ മഹത്ത്വീകൃതമായ അസ്തിത്വത്തിലുള്ള ശ്രദ്ധയും താത്പര്യവും.  തങ്ങൾ ഇപ്പോൾ ഏതു സമൂഹത്തിലെ അംഗങ്ങളായിരിക്കുന്നുവോ ആ സമൂഹം നല്കുന്ന മൂല്യങ്ങളെ ശ്രദ്ധിക്കുകയെന്നതും അത് ആവശ്യപ്പെടുന്ന കാര്യമാണ്.

ഇതിനെ സംബന്ധിച്ചിടത്തോളം നിയമവിരുദ്ധമായ കുടിയേറ്റമെന്ന പ്രശ്നം നാം അവഗണിക്കരുത്. ഈ പ്രശ്നം, മനുഷ്യരെ പ്രത്യേകിച്ച്

സ്ത്രീകളെയും കുട്ടികളെയും കള്ളക്കടത്തിന് ഇരകളാക്കുകയും അവരെ ചൂഷണവിധേയരാക്കുകയും ചെയ്യുന്നതിന്റെ രൂപത്തിലാകുമ്പോൾ കൂടുതൽ അടിയന്തിര സ്വഭാവമുള്ളതായിത്തീരുന്നു. ഇത്തരം കുറ്റകൃത്യങ്ങളെ വ്യക്തമായി ശപിച്ചുതള്ളുകയും കുറ്റക്കാർക്കെതിരേ നിയമനടപടികൾ നടപ്പാക്കുകയും വേണം. അതേസമയം ക്രമാനുസൃതമായ ഒരു കുടിയേറ്റനയം ഉണ്ടായിരിക്കുകയും വേണം. അതാകട്ടെ, വായുപോലും കടക്കാത്ത അതിർത്തിക്കുള്ളിൽ അവസാനിക്കാത്തതായിരിക്കണം. നിയമവിരുദ്ധ കുടിയേറ്റക്കാർക്കെതിരേ സ്വീകരിക്കുന്ന കടുത്ത നിബന്ധനകളും പുതിയ കുടിയേറ്റങ്ങളെ നിരുത്സാഹപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ള നടപടികളുടെ സ്വീകരണവും വഴി അത്തരം മനുഷ്യക്കടത്തിന്റെ രൂപങ്ങൾക്ക് ഇരയാവുക യെന്ന അപകടത്തിൽ നിന്ന് അനേകം കുടിയേറ്റക്കാരെ മാറ്റി നിറുത്താനെങ്കിലും കഴിയും.

കുടിയേറ്റക്കാർ വിട്ടുപോകുന്ന രാഷ്ട്രങ്ങളുടെ വികസനത്തിന് വ്യവസ്ഥാപിതവും ബഹുപക്ഷീയവുമായ ഇടപെടലുകൾ, മനുഷ്യക്കടത്ത് ഉന്മൂലനം ചെയ്യാനുള്ള കാര്യക്ഷമമായ എതിർ നടപടികൾ, നിയമാനുസൃത പ്രവേശനത്തെ നിയന്ത്രിക്കുന്ന സമഗ്രപദ്ധതികൾ എന്നിവ അത്യന്താപേക്ഷിതമാണ്. രാഷ്ട്രീയാഭയമെന്നതിലുപരി മാനുഷിക സംരക്ഷണം ആവശ്യമായിരിക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ പരിഗണിക്കാൻ കൂടുതൽ വർധിച്ച തുറവുണ്ടാകുകയും വേണം.

സമുചിതമായ നിയമനിർമ്മാണത്തിനു പുറമേ മനസ്സുകളെയും മനസ്സാക്ഷികളെയും രൂപപ്പെടുത്താനുള്ള ക്ഷമാപൂർവകവും സുസ്ഥിരവുമായ പരിശ്രമവും ആവശ്യമാണ്. ഇക്കാര്യങ്ങളിലെല്ലാം മനുഷ്യവ്യക്തിയുടെ സമഗ്രവിമോചനത്തിനു സ്വയം സമർപ്പിച്ച സഭാപരമായ സ്ഥാപനങ്ങളും മറ്റുസ്ഥാപനങ്ങളും പരസ്പരധാരണയും സഹകരണവും ശക്തിപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുകയെന്നത് സുപ്രധാന കാര്യമാണ്. ക്രൈസ്തവവീക്ഷണത്തിൽ, "സമ്പൂർണമനുഷ്യനായ ക്രിസ്തുവിനെ അനുഗമിക്കുന്ന ഏതു വ്യക്തിയും ഉത്തമമനുഷ്യനാകും" *(സന്തോഷവും പ്രത്യാശയും,* 41) എന്ന് അറിഞ്ഞുകൊണ്ട് സുവിശേഷത്തോടു പുലർത്തുന്ന വിശ്വസ്തതയിൽ നിന്ന് സാമൂഹികവും മാനുഷികപരമായ സമർപ്പണം അതിന്റെ ശക്തി ആർജിക്കുന്നു.

കുടിയേറ്റക്കാരായിരിക്കുന്ന പ്രിയ സഹോദരീസഹോദരന്മാരേ, എപ്പോഴും നിങ്ങളുടെ അരികിലായിരിക്കുന്ന കർത്താവിൽ ശരണവും പ്രത്യാശയും നവീകരിക്കാൻ ഈ ലോകദിനം നിങ്ങളെ സഹായിക്കട്ടെ. നിങ്ങളുടെ കുടിയേറ്റമാകുന്ന തീർത്ഥാടനത്തിൽ അവിടത്തെ കണ്ടുമുട്ടാനും നിങ്ങൾ സ്വീകരിക്കുന്ന കാരുണ്യപ്രവൃത്തികളിൽ അവിടത്തെ മുഖം ദർശിക്കാനും ഓരോ സന്ദർഭവും പ്രയോജനപ്പെടുത്തുവിൻ. സന്തോഷിക്കുവിൻ, എന്തെന്നാൽ കർത്താവ് സമീപസ്ഥനാണ്. അവിടത്തോടൊപ്പമായിരുന്നുകൊണ്ട് തടസ്സങ്ങളും പ്രയാസങ്ങളും കീഴടക്കാൻ നിങ്ങൾക്കു

സാധിക്കും. അനേകർ നിങ്ങൾക്കു സമ്മാനിക്കുന്ന തുറവിന്റെയും സ്വീകരണത്തിന്റെയും അനുഭവങ്ങൾ നിധികളായി ശേഖരിച്ചുകൊണ്ട് നിങ്ങൾക്ക് അതു സാധ്യമാകും. എന്തെന്നാൽ "ചരിത്രമെന്ന സമുദ്രത്തിലെ സഞ്ചാരംപോലെയാണു ജീവിതം. അത് മിക്കപ്പോഴും ഇരുൾനിറഞ്ഞതും കൊടുങ്കാറ്റുള്ളതുമാണ്. വഴി കാണിക്കുന്ന നക്ഷത്രങ്ങൾക്കായി നോക്കിക്കാത്തിരിക്കുന്ന ഒരു യാത്രയാണത്. നല്ല ജീവിതം നയിച്ചവരാണ് നമ്മുടെ ജീവിതയാത്രയിലെ യഥാർത്ഥ നക്ഷത്രങ്ങളായിരി ക്കുന്നത്. അവർ പ്രത്യാശയുടെ വിളക്കുകളാണ്. തീർച്ചയായും യേശുക്രിസ്തു ആണ് യഥാർത്ഥപ്രകാശം. ചരിത്രത്തിന്റെ നിഴലുകൾക്കു മുകളിൽ ഉദിച്ചുയർന്ന സൂര്യൻ അവിടന്നാണ്. എന്നാൽ അവിടത്തെ പ്രാപിക്കാൻ നമ്മുടെയരുകിൽ വെളിച്ചമുണ്ടായിരിക്കണം. അവിടത്തെ പ്രകാശത്തിൽ പ്രശോഭിക്കുന്നവരും അങ്ങനെ നമ്മുടെ മാർഗത്തിൽ നമ്മെ നയിക്കുന്നവരും നല്കുന്ന വെളിച്ചം തന്നെ" (*പ്രത്യാശയിൽ രക്ഷ, 49).*

യഥാർത്ഥ പ്രത്യാശയുടെയും സമാശ്വാസത്തിന്റെയും അടയാളമായിരിക്കുന്ന പരിശുദ്ധ കന്യകാമറിയത്തിനു നിങ്ങളെ ഓരോരുത്തരെയും ഞാൻ ഭരമേല്പിക്കുന്നു. നമ്മുടെ വഴികാട്ടിയായ നക്ഷത്രമാണവൾ. നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും അവൾ മാതൃസഹജമായ സാന്നിധ്യത്തോടെ നമ്മുടെയടുത്തു നിലകൊള്ളുന്നുണ്ട്.

എല്ലാവർക്കും എന്റെ അപ്പസ്തോലികാശീർവാദം വാത്സല്യത്തോടെ നല്കുന്നു.

വത്തിക്കാനിൽ നിന്ന് 12 ഒക്ടോബർ 2012,
**ബെനഡിക്ട് 16-ാമൻ മാർപാപ്പ**

---

# ആദരാഞ്ജലികൾ

**റവ. സി. ഫെലിക്സ് CHF**



ഇരിങ്ങാലക്കുട രൂപതയിൽ കടുപ്പശ്ശേരി ഇടവകയിൽ കൊടിയൻ തറവാട്ടിൽ അബ്രാഹത്തിന്റെയും റോസയുടെയും മകളായി 1921 ഡിസംബർ 21-ന് സി. ഫെലിക്സ് ജനിച്ചു. 1943 മെയ് 10-ന് പ്രഥമവ്രതവാഗ്ദാനവും 1947 ഡിസംബർ 30-ന് നിത്യവ്രതാനുഷ്ഠാനം നടത്തുകയും ചെയ്തു. പുത്തൻചിറ എസ്.എച്ച്. കോൺവെന്റിൽ വിശ്രമജീവിതം നയിക്കവെ വാർദ്ധക്യസഹജമായ രോഗത്താൽ അന്ത്യകൂദാശകൾ സ്വീകരിച്ച് 2012 ഡിസംബർ 12-ന് തന്റെ സ്വർഗ്ഗസമ്മാനത്തിനായി വിളിക്കപ്പെട്ടു.

Ref: 2591/ K - 5/ KCBC/ OL/ DS 26th Nov. 2012

Your Eminence/Grace/Excellency,

Cordial Greetings from the Secretariat of the KCBC!

I am writing this letter as directed by the President of the KCBC to request you to give immediate directions to the concerned persons, not to call Vassula Rydén a controversial Christian mystic living in Switzerland who claimed to receive messages from Jesus Christ and Blessed Virgin Mary. We came to know that some of the Catholic retreat centres in Kerala and some of our parishes had already invited her for preaching.

In 1995, the Congregation for the Doctrine of Faith (CDF) published a notification on the writings of Rydén, saying her communications should not be considered supernatural, and calling all Catholic bishops to prevent Rydén's ideas from being spread in their dioceses. In 2007, Cardinal William Laveda, former president of the CDF, confirmed that the 1995 Notification was still in effect; he recommended that Catholics should not join prayer groups organized by Rydén.

May I humbly request you to inform our priests and religious regarding the said matter and take necessary and urgent steps prevent her preaching our parishes and retreat centres. Kindly note the notification from the CDF below.

Thanking you in anticipation,
Fr. Stephen Alathara
Deputy Secretary General & Spokesperson, KCBC
Director, POC

## NOTIFICATION ON VASSULA RYDEN (6 October 1995)

### Congregation for the Doctrine of the Faith

Many bishops, priests, religious and lay people have sought an authoritative judgement from this Congregation on the activity of Mrs. Vassula Ryden, a Greek Orthodox residing in Switzerland, who in speech and in writing is spreading in Catholic circles throughout the world messages attributed to alleged heavenly revelations.

A calm, attentive examination of the entire question, undertaken by this Congregation in order to "test the spirits to see whether they are of God" (cf. 1 Jn 4:1), has brought out-in addition to positive aspects - a number of basic elements that must be considered negative in the light of Catholic doctrine.

In addition to pointing out the suspect nature of the ways in which these alleged revelations have occurred, it is necessary to underscore several doctrinal errors they contain.

Among other things, ambiguous language is used in speaking of the Persons of the Holy Trinity, to the point of confusing the specific names and functions of the Divine Persons. These alleged revelations predict an imminent period when the Antichrist will prevail in the Church. In millenarian style, it is prophesied that God is going to make a final glorious intervention which will initiate on earth, even before Christ's definitive coming, an era of peace and universal prosperity. Furthermore, the proximate arrival is foretold of a Church which would be a kind of pan-Christian community, contrary to Catholic doctrine.

The fact that the aforementioned errors no longer appear in Ryden's later writings is a sign that the alleged "heavenly messages" are merely the result of private meditations.

Moreover, by habitually sharing in the sacraments of the Catholic Church even though she is Greek Orthodox, Mrs. Ryden is causing considerable surprise in various circles of the Catholic Church. She appears to be putting herself above all ecclesiastical jurisdiction and every canonical norm, and in effect, is creating an ecumenical disorder that irritates many authorities, ministers and faithful of her own Church, as she puts herself outside the ecclesiastical discipline of the latter.

Given the negative effect of Vassula Ryden's activities, despite some positive aspects, this Congregation requests the intervention of the Bishops so that their faithful may be suitably informed and that no opportunity may be provided in their Dioceses for the dissemination of her ideas. Lastly, the Congregation invites all the faithful not to regard Mrs. Vassula Ryden's writings and speeches as supernatural and to preserve the purity of the faith that the Lord has entrusted to the Church.

Vatican City, 6 October 1995.

## KRAMTH

## കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമി ഫോർ മാർതോമ്മ ഹെറിറ്റേജിന്റെ ലീഡേർസ് ട്രെയിനിങ്ങ് പ്രോഗ്രാം

### (റിപ്പോർട്ട്)

കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമി ഫോർ മാർതോമ്മ ഹെറിറ്റേജിന്റെ ആഭിമുഖ്യത്തിൽ 2012 നവംബർ – ഡിസംബർ മാസങ്ങളിലെ ശനിയാഴ്ചകളിൽ ധ്യാനപ്രഘോഷകർ, കൗൺസിലർമാർ, രൂപത സംഘടനാ ഭാരവാഹികൾ എന്നിവർക്കായി ഒരു ലീഡേർസ് ട്രെയിനിങ്ങ് പ്രോഗ്രാം – ദൈവശാസ്ത്ര കോഴ്സ് കല്ലേറ്റുംകര പാക്സിൽവച്ച് സംഘടിപ്പിക്കുകയുണ്ടായി. നവംബർ 3ന് അഭിവന്ദ്യ മാർ പോളി പിതാവ് ഉദ്ഘാടനം ചെയ്ത പഠന കോഴ്സിൽ 90 പേരോളം പങ്കെടുത്തു. സഭാവിജ്ഞാനീയം, കാനാൻ നിയമം, ബൈബിൾ പഠനം, ആരാധനാക്രമം, കുടുംബധാർമ്മികത എന്നീ വിഷയങ്ങൾ പഠനവിധേയമാക്കുകയും മാർ പോളി കണ്ണൂക്കാടൻ, മോൺ. ജോസ് ഇരിമ്പൻ, റവ. ഡോ. ക്ലമന്റ് ചിറയത്ത്, റവ. ഡോ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ, റവ. ഡോ. വിൻസന്റ് ആലപ്പാട്ട്, റവ. ഡോ. വർഗ്ഗീസ് ഊക്കൻ, റവ. ഡോ. ഡേവിസ് തെക്കേക്കര, റവ. ഡോ. പോളി പടയാട്ടി, റവ. ഡോ. ജോജി കല്ലിങ്ങൽ, ഡോ. ഫിന്റോ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഡിസംബർ 15–ന് നടന്ന സമാപനയോഗത്തിൽ മാർ പോളി കണ്ണൂക്കാടൻ പിതാവ് പഠിതാക്കൾക്ക് കോഴ്സ്–സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ദൈവശാസ്ത്ര കോഴ്സിന് റവ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ, റവ. ഡോ. ആന്റോ കരിപ്പായി, റവ. ഡോ. സി. വിമല സി.എം.സി., പ്രൊഫ. മേരിക്കുട്ടി എന്നിവർ നേതൃത്വം നൽകി.

**ഫാ. ഡേവിസ് ചെങ്ങിനിയാടൻ**

---

## സ്മരണാഞ്ജലി

| | |
|---|---|
| റവ. ഫാ. പോൾ ആലപ്പാട്ട് | 26–01–1981 |
| റവ. ഫാ. ജോൺ അമ്പൂക്കൻ | 05–01–1998 |
| റവ. ഫാ. ജെയിംസ് എളങ്കുന്നപ്പുഴ | 09–01–2001 |
| റവ. ഫാ. ജോൺ അരിക്കാട്ട് | 10–01–2002 |
| റവ. ഫാ. ജോസഫ് കിഴക്കുംതല | 04–01–2003 |
| റവ. ഫാ. ജോസഫ് മാളിയേക്കൽ | 05–01–2011 |

## 12–ാം പാസ്റ്ററൽ കൗൺസിൽ 6–ാം സമ്മേളനം
### 2012 ഡിസംബർ 08 ശനിയാഴ്ച, 09.30 am

### റിപ്പോർട്ട്

12–ാം പാസ്റ്ററൽ കൗൺസിലിന്റെ 6–ാം സമ്മേളനം ഡിസംബർ 8–ാം തിയ്യതി ശനിയാഴ്ച രൂപതാമന്ദിരത്തിൽവച്ച് നടന്നു.

രാവിലെ 10 മണിക്ക് ബ്ര. ഡെയ്സൺ MMB Superior-ന്റെ പ്രാർത്ഥനയോടെയും ശ്രീമതി മർത്ത ലൂയിസിന്റെ ബൈബിൾ വായനയോടെയും യോഗം ആരംഭിച്ചു. പാസ്റ്ററൽ കൗൺസിൽ ജന. സെക്രട്ടറി റവ. ഫാ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ പരിപാടിക്ക് നേതൃത്വം നൽകി. പാസ്റ്ററൽ കൗൺസിൽ വൈസ് പ്രസിഡന്റും, പ്രോട്ടോ സിഞ്ചെല്ലൂസുമായ റവ. ഡോ. മോൺ. ജോസ് ഇരിമ്പൻ തന്റെ സ്വാഗത പ്രസംഗത്തിൽ വിശ്വാസത്തിലൂന്നിയുള്ള ജീവിതം കെട്ടിപ്പടുക്കുന്നതിന് ഏതു വിഷമഘട്ടങ്ങളിലും പ്രത്യാശയോടെ മുന്നേറുവാൻ സാധിക്കുമെന്നും, വിശ്വാസത്തിൽ മാന്ദ്യം അനുഭവിക്കുന്നവർക്ക് കൂടുതൽ തീക്ഷ്ണത പകരാൻ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് ധാർമ്മിക ഉത്തരവാദിത്വമുണ്ടെന്ന് ഉദ്ബോധിപ്പിച്ചു. കൂടാതെ വളർന്നുവരുന്ന തലമുറ ലഹരിക്ക് അടിമപ്പെടാതിരിക്കാൻ അടുത്ത വർഷം ലഹരിവിമുക്ത വർഷമായി ആചരിക്കുമ്പോൾ മദ്യത്തിനും മറ്റു മയക്കുമരുന്നുകൾക്കുമെതിരെ സന്ധിയില്ലാസമരം ചെയ്യണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. അഭിവന്ദ്യ പിതാവിനെയും, ജനറാളച്ചന്മാരെയും, പ്രൊവിൻഷ്യാളന്മാരെയും, വൈദികരെയും, സിസ്റ്റേഴ്സിനെയും, മറ്റു എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോസ് ജെ. കാളൻ മാസ്റ്റർ അഞ്ചാം പാസ്റ്ററൽ കൗൺസിലിന്റെ സമ്മേളന റിപ്പോർട്ട് അവതരിപ്പിക്കുകയും റിപ്പോർട്ട് യോഗത്തിൽ പാസ്സാക്കുകയും ചെയ്തു.

പിന്നീട് പാസ്റ്ററൽ കൗൺസിൽ പ്രസിഡന്റ് അഭിവന്ദ്യ പിതാവ് മാർ പോളി കണ്ണൂക്കാടൻ തന്റെ അധ്യക്ഷപ്രസംഗത്തിൽ വിശ്വാസവർഷത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് ക്രൈസ്തവർ ആഘോഷങ്ങൾ ലഹരിവിമുക്തമാക്കണമെന്ന് അഹ്വാനം ചെയ്തു. യുവജനങ്ങളെ ശാക്തീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും യുവജനവർഷം ആചരിക്കുന്നതിന്റെ ഭാഗമായി രൂപതയിൽ നടത്തിക്കൊണ്ടിരിക്കുന്ന പല കർമ്മപരിപാടികളെക്കുറിച്ചും വിശദീകരിച്ചു. കൊടുങ്ങല്ലൂർ പദയാത്രയിൽ പങ്കെടുത്തവരെ പിതാവ് അഭിനന്ദിച്ച് സംസാരിച്ചു. ഗ്രാമങ്ങളിൽ പുതിയ ഡിസ്റ്റിലറി യൂണിറ്റ് തുടങ്ങുന്നതിന്റെ ഭവിഷ്യത്തിനെക്കുറിച്ചുള്ള സൊമാലിയായിൽ ബന്ധികളാക്കപ്പെട്ട നമ്മുടെ രൂപതയിൽപ്പെട്ട രണ്ടുപേരെക്കുറിച്ചും ആശങ്ക രേഖപ്പെടുത്തി. താഴെ പറയുന്ന നാല്

കാര്യങ്ങൾ പിതാവ് ഊന്നിപ്പറഞ്ഞു.

1. ദൈവത്തിൽ ആശ്രയിക്കുന്ന സമൂഹത്തെ വാർത്തെടുക്കുക
2. ആത്മഹത്യാനിരക്ക് കൂടിക്കൊണ്ടിരിക്കുന്ന നമ്മുടെ നാട്ടിൽ മറ്റുള്ളവരുടെ ദുഃഖങ്ങളിൽ പങ്കുചേരാനും, സാമ്പത്തികമായി സഹായിക്കാനുമുള്ള മനോഭാവം സൃഷ്ടിച്ചെടുക്കണം.
3. ആരാധനയിൽ അധിഷ്ഠിതമായ സമൂഹത്തെ വളർത്തിയെടുക്കണം.
4. വിശ്വാസവർഷത്തിൽ ത്യാഗമനോഭാവം ആർജ്ജിച്ചെടുക്കാൻ ശ്രമിക്കണം.

പരിസ്ഥിതിയെ മലിനീകരണത്തിൽനിന്നും സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഫ്ളക്സ് ഉപയോഗം കുറയ്ക്കുവാൻ രൂപതയുടെ കീഴിലുള്ള സ്ഥാപനങ്ങൾ ശ്രമിക്കണം.

സ്ഥാനമൊഴിയുന്ന പ്രൊവിൻഷ്യാൾമാരായ സി. മെല്ലോ, സി. ജോസ്റിറ്റ എന്നിവരോട് ഇതുവരെയുള്ള സഹകരണത്തിന് നന്ദി അറിയിച്ചു. എല്ലാവർക്കും അമലോത്ഭവമാതാവിന്റെ തിരുനാൾ മംഗളങ്ങൾ നേർന്നു. തുടർന്ന് റവ. ഡോ. ജോസ് കൈതക്കോട്ടിൽ വിശ്വാസവർഷം പ്രായോഗികതയിലേക്ക് എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. ഹൃദയം തുറക്കുക എന്നതാണ് വിശ്വാസവർഷത്തിന്റെ പ്രായോഗിക പദ്ധതി. വിശ്വാസത്തിന്റെ ഉള്ളടക്കം ക്രിസ്തുവാണെന്നും, ഈ വിശ്വാസം സ്നേഹത്തിന്റെ അനുഭവമാക്കി മാറ്റണമെന്നും വിശ്വാസം കൈമാറ്റം ചെയ്യേണ്ടത് സ്നേഹത്തിലൂന്നിയായിരിക്കണമെന്ന്, ഇതിനുള്ള പരിശീലനം കുടുംബത്തിൽനിന്ന് തുടങ്ങുന്നത് സ്നേഹത്തിന്റെ ഭാഷയിലാണെന്നും അദ്ദേഹം വ്യക്തമാക്കി. വ്യക്തിക്ക് കുടുംബതലത്തിൽ മാത്രമല്ല സഭാസമൂഹത്തിലും മാറ്റമുണ്ടാകണം. ദൈവം എന്നെ സ്നേഹിക്കുന്നു എന്ന വിശ്വാസം മറ്റുള്ളവരിലേക്കും പകരണം. ത്യാഗമനോഭാവം, സഹനശീലം എന്നിവവഴി സ്നേഹം പകർന്നുകൊടുക്കുവാൻ സാധിക്കണമെന്ന് അദ്ദേഹം വ്യക്തമാക്കി തന്നു. തുടർന്ന് പിതാവ് ക്രിസ്തുമസ് കേക്ക് മുറിച്ച് എല്ലാവർക്കും കൊടുക്കുകയും നന്മയുടെയും സന്തോഷത്തിന്റെയും ക്രിസ്തുമസ് മംഗളങ്ങൾ നേരുകയും ചെയ്തു. അതിനുശേഷം 'ലഹരിവിമോചനവർഷം ക്രൈസ്തവ മൂല്യ രൂപീകരണത്തിൽ' എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. ജോജു പനക്കൽ ക്ലാസ്സെടുത്തു. ഇന്ത്യയിൽ ഏറ്റവുമധികം മനോരോഗികൾ കേരളത്തിലാണെന്നും ഇതിന്റെ പ്രധാന കാരണം, മദ്യത്തിന്റെയും, മറ്റു ലഹരി വസ്തുക്കളുടെയും ഉപയോഗമാണെന്നും വ്യക്തമാക്കി. മദ്യത്തിനടിമപ്പെടുമ്പോൾ കുടുംബം, സമൂഹം എന്നിവയിലുണ്ടാകുന്ന മൂല്യത്തകർച്ചയെയും, അരക്ഷിതാവസ്ഥയെയുംകുറിച്ച് വിശകലനം നടത്തി. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ എങ്ങനെ ക്രിസ്തുവിനെ കണ്ടുമുട്ടൽ ആക്കിത്തീർക്കാം എന്നതിനെക്കുറിച്ച് വിശദീകരിച്ചു. 'നിന്നെക്കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവത്തിന് നിന്നെ രക്ഷിക്കുവാൻ സാധിക്കുകയില്ല' എന്ന സെന്റ് അഗസ്റ്റിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ക്ലാസ്സ് അവസാനിച്ചു.

ശ്രീ. സേവ്യർ പള്ളിപ്പാട്ട് നന്ദി രേഖപ്പെടുത്തി. തുടർന്ന് ഈ വർഷത്തെ മിഷൻ ഞായറിൽ ഏറ്റവും കൂടുതൽ പണം സമാഹരിച്ച രൂപതയിലെ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും ബിഷപ്പ് ട്രോഫികൾ വിതരണം ചെയ്യുകയും മോൺ. സെബാസ്റ്റ്യൻ മാളിയേക്കൽ അനുമോദനപ്രസംഗം നടത്തുകയും ചെയ്തു. സ്പെയിനിൽ നടന്ന ലോക പഞ്ചഗുസ്തി മത്സരത്തിലെ സ്വർണ്ണമെഡൽ ജേതാക്കളായ ജെസ്റ്റിൻ ജോസ് പീനിക്കാപറമ്പിലിനെയും, സോണി കല്ലൂപാലത്തിനെയും യോഗം ആദരിച്ചു. ശ്രീ. ജോസ് മാത്യു ഊക്കൻ അവരെ അനുമോദിച്ച് സംസാരിച്ചു. തുടർന്ന് ആരാധന ഫാ. ബെന്നി കരുമാലിക്കലിന്റെ നേതൃത്വത്തിൽ നടന്നു. ആരാധനയ്ക്കുശേഷം ഉച്ചഭക്ഷണത്തിനായി യോഗം പിരിഞ്ഞു. ഭക്ഷണത്തിനുശേഷം രണ്ട് മണിയോടെ യോഗം പത്ത് ഫൊറോന സെക്രട്ടറിമാരുടെ ഫൊറോന തലത്തിലുള്ള ചർച്ചകളുടെ റിപ്പോർട്ട് അവതരണത്തോടെ ആരംഭിച്ചു. അതിനുശേഷം ഗ്രൂപ്പ് ചർച്ച നടത്തുകയും പത്ത് ഗ്രൂപ്പ് സെക്രട്ടറിമാർ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

സൊമാലിയൻ കടൽക്കൊള്ളക്കാർ ബന്ധികളാക്കിയിരിക്കുന്ന ഇരിങ്ങാലക്കുട രൂപതാതിർത്തിയിൽപ്പെട്ട സ്റ്റാലിൻ വിൻസന്റ്, ഡിബിൻ ഡേവിസ് എന്നിവരെ രക്ഷപ്പെടുത്തുവാൻ സത്വര നടപടികൾ ഇന്ത്യാ ഗവണ്മെന്റ് രൂപീകരിക്കണമെന്ന പ്രമേയം സെക്രട്ടറി ജോസ് ജെ. കാളൻ അവതരിപ്പിക്കുകയും യോഗം പാസ്സാക്കുകയും ചെയ്തു. തുടർന്ന് റവ. ഡോ. ആന്റു ആലപ്പാടൻ യൂത്ത് അസംബ്ലിയെക്കുറിച്ച് വിശദീകരിച്ചു. അംഗങ്ങളുടെ ചോദ്യാവലിക്ക് പിതാവ് മറുപടി നൽകി. സമ്മേളനത്തിന്റെ പ്രധാന പ്രമേയം പിതാവ് താഴെപ്പറയുന്നവിധം ക്രോഡീകരിച്ചു.

1. ഇടവകകളിൽ ലഹരിവിരുദ്ധ സമിതികൾ രൂപീകരിക്കുക.
2. ലഹരിക്കടിമകളായിരിക്കുന്നവരെ ചികിത്സക്ക് വിധേയരാക്കുക
3. അനുരഞ്ജനവേദികൾ സജ്ജമാക്കുക.
4. തിരുനാൾ ധൂർത്ത്, മദ്യപാനം എന്നിവ ഇല്ലാതാക്കാൻ ശ്രമിക്കുക.
5. കുടുംബങ്ങളിലെ ഭാഷ സ്നേഹത്തിന്റെ ഭാഷയാക്കുക.

തുടർന്ന് പാസ്റ്ററൽ കൗൺസിൽ ജോ. സെക്രട്ടറി സുധാ ജോർജ്ജ് വളവി നന്ദി പറഞ്ഞു. പിതാവ് എല്ലാവർക്കും പ്രാർത്ഥനാബുക്ക്, കാർഡ് എന്നിവ സമ്മാനിച്ചു. അഭിവന്ദ്യ പിതാവിന്റെ സമാപനാശീർവ്വാദത്തോടെ യോഗം അവസാനിച്ചു.

**ജോസ് ജെ. കാളൻ**
സെക്രട്ടറി

**ഫാ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ**
ജനറൽ സെക്രട്ടറി

**ഡോ. സുധാ വളവി**
ജോ. സെക്രട്ടറി



Bless A Home

# ബ്ലസ്സ് എ ഹോം

ഒരു വീടിനെ അനുഗ്രഹിക്കൂ...

ഇരിങ്ങാലക്കുട രൂപതയുടെ ബ്ലസ് എ ഹോം പദ്ധതിയിൽ നിന്നു 740 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ ഒരു കോടി അമ്പത്തി എട്ട് ലക്ഷത്തി എൺപതിനായിരം (1,58,80,000) രൂപ നൽകിയിട്ടുണ്ട്.

ബ്ലെസ് എ ഹോമിലെ ഗുണഭോക്താക്കളുടെ ഫൊറോന തലത്തിൽ കുടുംബസംഗമം നടത്തുകയുണ്ടായി. അഭിവന്ദ്യ പിതാക്കന്മാരുടെയും, വികാരി ജനറാളച്ചന്മാരുടെയും, ഫൊറോന വികാരിമാരുടെയും സാന്നിധ്യംകൊണ്ട് വളരെ അനുഭവമായിരുന്നു. ഈ സംഗമത്തിന് സഹകരിച്ച എല്ലാ വൈദികർക്കും ആനിമേറ്റേഴ്സിനും ഏറെ നന്ദി. ഈ രൂപതയിലെ സഹായം സ്വീകരിക്കുന്ന 702 കുടുംബങ്ങൾ റീജൻസി ബ്രദേഴ്സ് സന്ദർശിച്ച് അവരുടെ നിജസ്ഥിതികൾ വിലയിരുത്തി. ഈ സന്ദർശനം കുടുംബങ്ങൾക്കും ബ്രദേഴ്സിനും ഏറെ പ്രചോദനമായിരുന്നു. റീജൻസി ബ്രദേഴ്സിന് ഒത്തിരി നന്ദി.

## സംഭാവന നല്കിയവർ

| | | |
|---|---|---|
| 1 | Vicar & Parishioners of Prasadavaranadtha Church, Aloor W. | 25,000 |
| 2 | Carmala Matha Chruch, Aripalam Sponsour Coupon C/o. C. P. Mathew | 12,000 |
| 3 | Eluvathingal Antony Kochuthressia, Edathiruthy | 20,000 |
| 4 | Nikhil Raj C. Palathingal, Kattoor | 12,000 |
| 5 | K.K. George Karathrakkaran, IJK. | 10,000 |
| 6 | St. Thomas Cathedral Irinjalakuda | 2,64,870 |
| 7 | Vicar & Parishioners Nithyasahayamatha Church, Mattathur | 12,000 |
| 8 | Dixon Devassykutty Kanamkudam, Velayanad | 10,000 |
| 9 | Vicar & Parishioners of St. Thomas F. Church, Ambazhakad | 12,000 |
| 10 | Palathingal Poulose Jose, Kattoor | 5,000 |
| 11 | Varghese Kalathingal, Kanakamala | 12,000 |
| 12 | Alvernia Provincial House, Chalakudy | 15,000 |
| 13 | Vidyajyoti Catechetical Centre, IJK. Box Collection | 3230 |
| 14 | Antony Jacob Thekkumpuram, Kattoor | 20,000 |

| | | |
|---|---|---|
| 15 | E.J. Francis Edattukaran, Mala | 6,000 |
| 16 | Poulson Joseph Mandakath, Mala | 7,000 |
| 17 | Poulose George Alengadan, IJK. | 20,000 |
| 18 | A.K. Shaju Alengadan, IJK. | 20,000 |
| 19 | A.K. Varghese Alengadan, IJK. | 20,000 |
| 20 | John George Alengadan, IJK. | 20,000 |
| 21 | Fogy George Alengadan, IJK. | 20,000 |
| 22 | V.P. Johnsomn Vennattuparambil, Kuttikad | 25,000 |
| 23 | Panthallookaran Lonappan Sons, Kodakara | 10,000 |
| 24 | Members of Sacred Heart Unit St. Thomas Cathedral Church, IJK | 12,000 |
| 25 | Mr & Mrs. Anto Lijo Komban Nellissery, IJK. | 12,000 |
| 26 | Vicar & Parishioners of Little Flower Church, Potta | 10,000 |

**ഫാ. വർഗ്ഗീസ് അരിക്കാട്ട്**
മാനേജിംഗ് ട്രസ്റ്റി

# MISSION SUNDAY 2012

## Prize Winners

**I. Total Amount Collection**

**1st** St.Thomas Cathedral, Irinjalakuda — Rs.6,31,017/ -
**lInd** St.Mary's F. Church, Chalakudy — Rs.3,0l,207/ -

**II. Average Amount (Per house collection)**

**1st** St.Thomas Cathedral, Irinjalakuda — Rs.216/-
**lInd** St.Mary's F. Church, Chalakudy — Rs.168/-

**Ill. Institutions**

**1st** St .James Hospital, Chalakudy — Rs.1,11,111-
**lInd** Sacred Heart Hospital, Pullur — Rs.72,000/-

**THANKS FOR YOUR GENEROUS CONTRIBUTION AND CONGRATULATIONS FOR BEING THE WINNERS OF MISSION SUNDAY COLLECTION 2012.**

**WITH PATERNAL BLESSINGS**

**Bishop Pauly Kannookadan**
Diocese of Irinjalakuda.
8th December, 2012

# മതബോധനം

1. **മതബോധന വാർഷിക പരീക്ഷ**

| | |
|---|---|
| X, XI, XII | ഫെബ്രുവരി 3 |
| VI, VII, VIII, IX | ഫെബ്രുവരി 10 |
| I, II, III, IV, V | ഫെബ്രുവരി 17 |

സമയം : 2-4 pm

N.B. X, XII ക്ലാസ്സുകളിലെ പരീക്ഷയ്ക്ക് രജിസ്ട്രേഷൻ നടത്തിയവരുടെ രജി. നമ്പർ ജനുവരി 21–ാം തിയ്യതി മുതൽ കൊടുത്തു തുടങ്ങുന്നതാണ്. ഇംഗ്ലീഷ് ചോദ്യപേപ്പർ ആവശ്യമുള്ളവർ മതബോധനകേന്ദ്രത്തിൽ കൃത്യമായി ജനുവരി 10ന് മുൻപ് അറിയിക്കേണ്ടതാണ്.

2. **മതാദ്ധ്യാപക പരീക്ഷ** :– ഫെബ്രുവരി 24 ഞായർ.

സമയം 11am to 12.30 pm

N.B. എല്ലാ മതാദ്ധ്യാപകരും പരീക്ഷയുടെ പ്രാധാന്യവും ഗൗരവവും ഉൾക്കൊണ്ട് പരീക്ഷയെഴുതുവാൻ ശ്രദ്ധിക്കുമല്ലോ. മതാദ്ധ്യാപകർക്കുള്ള പഠനസഹായി ജനുവരി 15 മുതൽ കൊടുത്തു തുടങ്ങുന്നതാണ്.

3. **പ്രധാനാദ്ധ്യാപക സമ്മേളനം** : ഫെബ്രുവരി 2–ാം തിയ്യതി ശനിയാഴ്ച 10 am മുതൽ 2 pm വരെ.

N.B. എല്ലാ വാർഷിക പരീക്ഷാ ചോദ്യപേപ്പറുകൾ അന്നേദിനം കൊണ്ടുപോകാവുന്നതാണ്. എല്ലാ പ്രധാനാദ്ധ്യാപകരും പ്രസ്തുതസമ്മേളനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പ്രസ്തുത മീറ്റിങ്ങിൽ സംബന്ധിക്കുവാൻ കഴിയാത്തവർ പകരം ഉത്തരവാദിത്വമുള്ള ആരെയെങ്കിലും പങ്കെടുപ്പിക്കേണ്ടതാണ്.

4. **ഗ്രെയ്സ് ഫെസ്റ്റ് 2013** : ഏപ്രിൽ 2 മുതൽ 6 വരെയുള്ള തിയ്യതി വരെയോ, 8 മുതൽ 12 തിയ്യതി വരെയോ നടത്താവുന്നതാണ്. 4 വിഭാഗങ്ങളായി തിരിച്ചാണ് ഗ്രെയ്സ് ഫെസ്റ്റ് നടത്തുന്നത്. ഓരോ വിഭാഗത്തിനും ആവശ്യമായ വർക്ക്ബുക്കും അദ്ധ്യാപകർക്കുള്ള ഹാൻഡ് ബുക്കും നേരത്തെ ഓർഡർ ചെയ്യേണ്ടതാണ്. ഫെബ്രുവരി 20–ാം തിയ്യതിക്കുള്ളിൽ അറിയിക്കേണ്ടതാണ്. ഓർഡർ ചെയ്തവർക്ക് മാത്രമേ ബുക്കുകൾ ലഭിക്കുകയുള്ളൂ. അതിനുശേഷം ബുദ്ധിമുട്ടായിരിക്കും. പ്രത്യേകം സഹകരിക്കുമല്ലോ.

# DAILY CATECHISM & MORAL SCIENCE

1 **വാർഷികപരീക്ഷ**

X, XI, XII ജനുവരി 15 ചൊവ്വ, I - IX ജനുവരി 22 ചൊവ്വ

NB. ജനുവരി 9–ാം തീയതി മുതൽ പരീക്ഷക്കുള്ള ചോദ്യപേപ്പറുകൾ സ്ക്കൂളിലേയ്ക്ക് കൊണ്ടുപോകാവുന്നതാണ്. ഇതോടൊപ്പം ചോദ്യപേപ്പറുകളുടെ തുക അടയ്ക്കേണ്ട കാര്യവും ഓർമ്മപ്പെടുത്തുന്നു. 1 പേപ്പറിന് 1 രൂപ വീതം.

2 **സ്കോളർഷിപ്പ് :** Std IV, VII, X, XII ക്ലാസ്സുകളിലെ സ്കോളർഷിപ്പ് രജിസ്ട്രേഷൻ ചെയ്യാനുള്ള അവസാന തിയ്യതി മാർച്ച് 16 ശനിയാഴ്ച വരെയായിരിക്കും. സ്കോളർഷിപ്പ് ഫോം 2 കോപ്പി വീതം English Capital Letter-ൽ പൂരിപ്പിച്ച് മതബോധനകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

NB: വാർഷികപരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് കുട്ടികൾക്കേ അർഹതയുള്ളൂ.
പരീക്ഷ ഏപ്രിൽ 17 ബുധൻ. സമയം 10.00 am–12 pm
പരീക്ഷ നടത്തുന്ന മേഖലകൾ :

ലിറ്റിൽ ഫ്ളവർ സ്കൂൾ, ഇരിങ്ങാലക്കുട
എസ്.എച്ച്. സ്കൂൾ, ചാലക്കുടി
സെന്റ് ആന്റണീസ് സ്കൂൾ, മാള

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

## പ്രത്യാശ

**കൗൺസലിംഗ്**

13–12–2012–ൽ അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവിന്റെയും മോൺ. ജോസ് ഇരിമ്പൻ അച്ചന്റെയും സാന്നിധ്യത്തിൽ പ്രത്യാശയുടെയും ജസ്റ്റിസ് ഫോറത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ക്രിസ്തുമസ് ആഘോഷം നടത്തി. പ്രസ്തുത മീറ്റിങ്ങിൽ എല്ലാ ആഴ്ചയിലും തിങ്കൾ മുതൽ വെള്ളിവരെ ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ "പ്രത്യാശ കൗൺസലിംഗ് സെന്റർ ഓഫീസ്" തുറന്ന് പ്രവർത്തിക്കുവാൻ തീരുമാനിച്ചു. കൗൺസലിങ്ങ് ആവശ്യമുള്ളവരെ ഇതിലേക്ക് പറഞ്ഞുവിടുവാനും മുൻകൂട്ടി അപ്പോയിന്റ്മെന്റ് എടുക്കുവാനും താൽപര്യപ്പെടുന്നു.

**ഫാ. ആന്റോ കരിപ്പായി**
ഡയറക്ടർ

## ഈ മാസം പിറന്നാളും തിരുനാളും ആഘോഷിക്കുന്ന വൈദികർ

**Birth Days**

**January 1**
Rev. Fr. George Kandamkulathy

**January 2**
Rev. Fr. Seemon Kanjithara

**January 6**
Rev. Fr. Antony Parambeth

**January 8**
Rev. Fr. Sherens Elamthuruthy

**January 12**
Rev. Fr. Shaju Chirayath
Rev. Fr. Jiji Kunnel

**January 16**
V. Rev. Fr. Vincent Alappatt
Rev. Fr. Binoy Kozhipatt

**January 19**
Rev. Fr. Varghese Palathingal

**January 20**
Rev. Fr. Davis Chenginiyadan

**January 22**
Rev. Fr. Antony Pullokaran

**January 23**
Rev.Fr. Luxy Kadambattuparambil
Rev. Fr. Liju Paul Parambeth
Rev. Fr. Jinu Vennattuparambil
Rev. Fr. Sojo Kannampuzha

**January 26**
Rev. Fr. Roy Panikulangara

**January 30**
Rev. Fr. Wilson Eluvathingal Koonan
Rev. Fr. Lijo Kongoth

**Feast Days**

**January 20**
Rev. Fr. Benny Arimbully
Rev. Fr. Binoy Kozhipatt
Rev. Msgr. Davis Ambooken
Rev. Fr. Davis Kalapurackal
Rev. Fr. Davis Kallingal
Rev. Fr. Davis Kizhakkumthala
Rev. Fr. Davis Koottala
Rev. Fr. Davis Kudiyirickal
Rev. Fr. Davis Malieckal
Rev. Fr. Davis (Riju) Pynadath
Rev. Fr. Davis Thattil
Rev. Fr. Denson Nereparambil
Rev. Fr. Devis Chenginiyadan
Rev. Fr. Jijo Thundathil
Rev. Fr. Jobby Pozholiparambil
Rev. Fr. Joseph Cheruvathur
Rev. Fr. Joy Kadambatt
Rev. Fr. Luxy Kadambattuparambil
Rev. Fr. Sebastian Aricatt
Rev. Fr. Sebastian Ezhekadan
Rev. Msgr. Sebastian Malieckal
Rev. Fr. Sebastian Panjikaran
Rev. Fr. Sebastian Valiyaveettil
Rev. Fr. Sebastian Vazhappilly
Rev. Fr. Seby Kanjilassery
Rev. Fr. Seby Kolangara
Rev. Fr. Seby Nadavaramban

**January 26.**
Rev. Fr. Titus Kattuparambil




**1 ആർച്ചുബിഷപ്പ് അന്തോണി സാമി മദ്രാസ്–മൈലാപ്പൂർ ആർച്ചു ബിഷപ്പ്**

മദ്രാസ് മൈലാപ്പൂർ ആർച്ചുബിഷപ്പായിരുന്ന മലയപ്പ ചിന്നപ്പ റിട്ടയർ ചെയ്തതിനെ തുടർന്ന് പുതിയ അതിരൂപത അധ്യക്ഷനായി ആർച്ചുബിഷപ്പ് ഡോ. ജോർജ്ജ് അന്തോണി സാമിയെ മാർപാപ്പ നിയമിച്ചു. അതിരൂപതയുടെ 6–ാമത്തെ ആർച്ചുബിഷപ്പായിട്ടാണ് ഇദ്ദേഹം നിയമിതനായിരിക്കുന്നത്.

**2 വിശ്വാസം–യുക്തിഭദ്രം : മാർപാപ്പ**

ക്രൈസ്തവവിശ്വാസം യുക്തിഭദ്രമാണെന്നും അതൊരിക്കലും ശാസ്ത്രത്തെ എതിർക്കുന്നില്ലെന്ന് മാർപാപ്പ. വിശ്വാസവും ശാസ്ത്രവും പരസ്പര പൂരകങ്ങളാണെന്ന് മാർപാപ്പ നൽകിയ സന്ദേശത്തിൽ ചൂണ്ടിക്കാട്ടി. കത്തോലിക്കാവിശ്വാസം മനുഷ്യന്റെ യുക്തിയെ പരിപോഷിക്കുന്നതാണ്. മനസ്സിലാക്കുകയും മനസ്സിലാക്കിയവ വിശ്വസിക്കുകയും ചെയ്യുന്നത് ശാസ്ത്രത്തിലും വിശ്വാസത്തിലുമുള്ള ഫലങ്ങളാണ്. ശാസ്ത്രം നമ്മെ കൊണ്ടെത്തിക്കുന്നത് മനുഷ്യനെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചുമുള്ള തിരിച്ചറിവുകളിലാണ്. ഇതുതന്നെയാണ് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം.

**3 വിശുദ്ധനാട് സന്ദർശനത്തിന് സർക്കാർ സഹായം**

വിശുദ്ധനാട് സന്ദർശനത്തിന് തമിഴ്നാട് സർക്കാർ 20,000 രൂപ സബ്സിഡി പ്രഖ്യാപിച്ചു. 2013 ഫെബ്രുവരി മുതൽ മെയ് വരെ സന്ദർശിക്കുന്നവർക്കാണ് ഈ സഹായം. 10 ദിവസത്തെ ടൂർ പാക്കേജാണ് ഇത്. 2013–ൽ 500 ക്രൈസ്തവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക.

**4 സഭകളുടെ പ്രാദേശിക സഹകരണം**

പ്രാദേശികതലങ്ങളിൽ സഹകരണം ശക്തിപ്പെടുത്തുവാനും ഒരുമിച്ച് പ്രവർത്തിക്കേണ്ട മേഖലകൾ കണ്ടെത്താനും കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുടെ മേലധ്യക്ഷന്മാരും മെത്രാന്മാരും ഉൾപ്പെട്ട ഇന്റർ ചർച്ച് കൗൺസിൽ യോഗം തീരുമാനിച്ചു. പൊതുസമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ ആഴത്തിൽ പഠിച്ച് യഥാസമയം പ്രതികരിക്കാനും ധാരണയായി. വിദ്യാഭ്യാസം, എക്യുമെനിസം എന്നീ മേഖലകളിൽ കൂടുതൽ പഠനങ്ങൾ നടത്താൻ യോഗം ഉപസമിതികളെ ചുമതലപ്പെടുത്തി.

**5 ഡെൽഹിക്ക് പുതിയ ആർച്ചുബിഷപ്പ്**

ബിഷപ്പ് ഡോ. അനിൽ തോമസ് കുട്ടോ ഡൽഹി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി നിയമിതനായി. ദീർഘകാലം ഡൽഹിയിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം മികച്ച സാമൂഹ്യപ്രവർത്തകനാണ്. ഇപ്പോൾ ഡെൽഹി ആർച്ചുബിഷപ്പ് ഡോ. വിൻസന്റ് കൊൺസെസാവോ സ്ഥാനം ഒഴിയുന്ന സാഹചര്യത്തിലാണ് ഡോ. അനിൽ കുട്ടോയുടെ പുതിയ നിയോഗം.

**6. വിദ്യാർത്ഥികൾ സാമൂഹ്യ പ്രതിബദ്ധത ഉള്ളവരായിരിക്കണം : കർദ്ദിനാൾ ആലഞ്ചേരി**

ബിരുദങ്ങൾ കരസ്ഥമാക്കുക എന്നതിനേക്കാൾ ഉപരി വിദ്യാർത്ഥികൾ സാമൂഹ്യ പ്രതിബദ്ധതയുള്ളവരായി മാറണമെന്ന് സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പറഞ്ഞു. ഇരിങ്ങാലക്കുട രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന കൊടകര സഹൃദയ എൻജി. കോളേജിന്റെ ദശവത്സരാഘോഷത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

**7 ഭാരതത്തിലെ ക്രൈസ്തവസഭകൾ ഐക്യത്തിന്റെ പാതയിൽ:**

സഭൈക്യത്തിന് ഭാരതത്തിലെ യാക്കോബായ സുറിയാനി സഭയും കത്തോലിക്കാസഭയുമായി നടത്തുന്ന അന്തർദ്ദേശീയ സംവാദവും കത്തോലിക്കാസഭയും മലങ്കര ഓർത്തഡോക്സ് സഭയുമായുള്ള സംവാദവും ഈയിടെ കോട്ടയത്ത് നടന്നു. 1989–ൽ മലങ്കര ഓർത്തഡോക്സ് സഭയുമായും 1990–ൽ യാക്കോബായ സഭയുമായി ആരംഭിച്ച സഭൈക്യ ചർച്ചകളിൽ ഗണ്യമായ പുരോഗതി കൈവന്നിട്ടുണ്ട്.

**8 ധൂർത്ത് ഒഴിവാക്കുക : കർദ്ദിനാൾ ആലഞ്ചേരി**

ധൂർത്തും ആഡംബരവും ഒഴിവാക്കി മിതവ്യയത്തിലൂടെ മിച്ചംവയ്ക്കുന്നവ ആവശ്യക്കാരന് അർഹതയനുസരിച്ച് പങ്കുവയ്ക്കുവാൻ ക്രിസ്മസ് പോലുള്ള ആത്മീയ ആഘോഷങ്ങൾ സഹായമാകട്ടെ എന്ന് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി ആഹ്വാനം ചെയ്തു. സ്നേഹത്തിന്റെ സന്ദേശവുമായി കടന്നുവരുന്ന ക്രിസ്മസ് വേളയിൽ സ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും സാക്ഷ്യമാണ് നൽകേണ്ടത്. ആഹ്ലാദതിമർപ്പുകൾക്കും അട്ടഹാസങ്ങൾക്കുമുള്ള അവസരമല്ല ക്രിസ്മസ്. നമ്മുടെ ആഘോഷാവസരങ്ങൾ സംയമനപൂർവ്വവും മദ്യരഹിതവും സ്നേഹനിർഭരവും സംശുദ്ധവുമായിരിക്കണമെന്നും നമ്മുടെ വിശ്വാസം സ്നേഹപ്രവൃത്തികളിലൂടെ ഫലദായകമാണെന്നും അദ്ദേഹം നിർദ്ദേശിച്ചു.

**9 ലോകയുവജനദിനത്തിന് ഒരുക്കമായി.**

2013–ലെ ലോകയുവജനത്തിന്റെ അടയാളങ്ങളാണ് തീർത്ഥാടനക്കുരിശും കന്യകാമറിയത്തിന്റെ തിരുസ്വരൂപവും. ഡിസംബറിൽ ഇവ ഉറുഗ്വെയിൽ എത്തിച്ചിരുന്നു. ഈ രൂപങ്ങൾ 2013–ലെ ജൂലൈ 23 മുതൽ 28 വരെ യുവജനസമ്മേളനത്തോടനുബന്ധിച്ച് ബ്രസീലിൽ സ്ഥാപിക്കും.

**റവ. ഡോ. ആന്റണി മഞ്ഞളി**

## സോഷ്യൽ ആക്ഷൻ

1 ജനുവരി 2–ന് സോഷ്യൽഫോറം ഓഡിറ്റോറിയത്തിൽവച്ച് രാവിലെ 10.30 സോഷ്യൽ ആക്ഷൻ നേതൃത്വത്തിൽ 70 Joint Liability Group (JLG) കളുടെ രൂപീകരണയോഗം.

2 ഡിസംബർ 28, ജനുവരി 3, 9 തിയ്യതികളിൽ SAFI യുടെ നേതൃത്വത്തിൽ രൂപീകൃതമായിട്ടുള്ള 50 JLG കൾക്ക് ബാങ്ക് ഓഫ് ഇൻഡ്യയുമായി സഹകരിച്ച് 4% പലിശ നിരക്കിൽ 3 ലക്ഷം രൂപ വീതം വായ്പാ വിതരണം.

3 ജനുവരി 7–ന് മഴവില്ല് പദ്ധതിയുടെ ഭാഗമായി ഇരിങ്ങാലക്കുട സംഗമേശ്വര EMHS-ൽ 40 SSLC വിദ്യാർത്ഥികൾ പങ്കെടുക്കുന്ന Career Guidance class & Exhibition ഉച്ചക്ക് 1.30 മുതൽ 3.30 വരെ.

4 ജനുവരി 17–ന് ഉച്ചക്ക് 1.30 മുതൽ 3.30 വരെ 9–ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി Adolscent Problems വിഷയമാക്കി ബോധവൽക്കരണ ക്ലാസ്സ് ആളൂർ സെന്റ് ജോസഫ്സ് EMHSൽ.

5 ജനുവരി 30–ന് Speed III പദ്ധതിയുടെ ഭാഗമായി സോഷ്യൽ ആക്ഷൻ ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, പ്രാഥമിക ആരോഗ്യകേന്ദ്രം എന്നിവയുടെ സഹകരണത്തോടെ സൗജന്യ RCH-NRHM മെഡിക്കൽ ക്യാമ്പ് പാറക്കടവ് പാരീഷ് ഹാളിൽവച്ച്.

**ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ**
ഡയറക്ടർ

---

## ആശംസകൾ

2012 ഡിസംബർ 9 ഞായറാഴ്ച 1152/12 കല്പന വഴിയായി തേശ്ശേരി സെന്റ് മേരീസ് കുരിശുപള്ളിയെ ഒരു സ്വതന്ത്ര ഇടവകയായി (രൂപതയിലെ 131–ാമത്തെ ഇടവക) ഉയർത്തിയിരിക്കുന്നു. ഇടവകയുടെ പ്രഥമ (നടത്തു) വികാരിയായി ബഹു. അതിയുന്തൻ ജെയിംസ് അച്ചനെ 1231/12 കല്പന വഴിയായി നിയമിച്ചിരിക്കുന്നു. നാളിതുവരെ തേശ്ശേരി ഇടവകയുടെ രൂപീകരണത്തിന് സഹകരിച്ച പേരാമ്പ്ര, പോട്ട പള്ളി വികാരിയച്ചന്മാരെയും സഹവികാരിമാരെയും ഇടവകകളിലെ ദൈവജനത്തെയും പ്രസ്ബിറ്ററൽ കൗൺസിലിലെ സ്പെഷൽ കമ്മീഷൻ അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. പരി. കന്യകാമറിയത്തിന്റെ മാധ്യസ്ഥം വഴിയായി ഇടവക ജനത്തിനും ബഹു. വികാരിയച്ചനും ധാരാളം ദൈവാനുഗ്രഹം ലഭിക്കട്ടെയെന്ന് ആശംസിക്കുന്നു.

**മാർ പോളി കണ്ണൂക്കാടൻ**
രൂപതാ മെത്രാൻ

# അവാർഡ്

## I Benefactory Day Celebration

അവാർഡിന്റെ പ്രവർത്തനങ്ങൾക്ക് നാളിതുവരെ പ്രോത്സാഹനവും സഹായവും ചെയ്തുതന്നിട്ടുള്ള എല്ലാ ഉപകാരികളെയും, നല്ല നിർദ്ദേശങ്ങളിലൂടെ ഞങ്ങളെ പോഷിപ്പിക്കുകയും ഇതിന്റെ വളർച്ചയിൽ അഭിമാനംകൊള്ളുന്ന എല്ലാ ഗുണകാംക്ഷികളെയും പ്രത്യേകമായി അനുസ്മരിച്ചുകൊണ്ട് 2013 ജനുവരി 1-ന് പുതുവർഷദിനത്തിൽ പരിയാരം CSR-ൽവച്ച് ദിവ്യബലി അർപ്പണവും ടീം അംഗങ്ങൾക്ക് മോട്ടിവേഷൻ ക്ലാസ്സും നടത്തപ്പെടുന്നു. കൂടാതെ 2012-ലെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് പുതുവർഷത്തിലെ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് ആസൂത്രണവും ചെയ്യുന്നു.

2 **Organizational Development Process :-** 2013-ലെ അവാർഡിന്റെ 'Vision & Mission' യാഥാർത്ഥ്യമാക്കുന്നതിനായി പുതുവത്സര പുലരിയിൽ പദ്ധതികൾ ചർച്ച ചെയ്യുകയും രൂപരേഖ തയ്യാറാക്കുകയും ചെയ്യുന്നു.

## II. Family Development Department

1 **Fathers Day Celebration :-** ജനുവരി 17-ന് ചായ്പൻകുഴിയിലെ പ്രകാശധാര സൊസൈറ്റിയിലുള്ള "സ്നേഹദീപം" പുരുഷഗണത്തിൽ പിതൃദിനം ആഘോഷിക്കുന്നു.

2 **Legal Advice :-** കുടുംബപ്രശ്നങ്ങളുമായി വലയുന്നവർക്ക് ലീഗൽ അഡ്വൈസറുടെ സൗജന്യസേവനം തിങ്കൾ, ബുധൻ വെള്ളി ദിവസങ്ങളിൽ അവാർഡിൽ ലഭ്യമാകുന്നു.

3 **Counselling-** വിവിധ മാനസിക കുടുംബപ്രശ്നങ്ങളുമായി വലയുന്നവർക്ക് അവാർഡിൽവച്ചും, ചാലക്കുടി ITI-യിൽവച്ചും വിദഗ്ദരായ കൗൺസിലേഴ്സ് സേവനം അനുഷ്ഠിക്കുന്നു.

## III Research and Training Dept. :-

1 **Baseline Data collection :** കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ ശാരീരിക-മാനസിക വ്യതിരിക്തത അനുഭവിക്കുന്നവരുടെ അടിസ്ഥാന വിവരശേഖരണം അവാർഡ് നടത്തുന്നു.

2 **Income generating Prog. :** കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ സർഗ്ഗയിൽ പേപ്പർ ബാഗ് നിർമ്മാണം പരിശീലിപ്പിക്കുന്നു.

3 **Con-current placement :** പെരുമ്പാവൂർ ജയ്ഭാരത് കോളേജിൽനിന്നും രണ്ട് വിദ്യാർത്ഥികൾ അവരുടെ പ്ലേസ്മെന്റ് അവാർഡിൽ നടത്തുന്നു.

## IV. Community Based Rehabilitation Prog.

1 **New Year Celebration :-** അവാർഡിന്റെ നേതൃത്വത്തിലുള്ള സർഗ്ഗകൾ പുതുവത്സരം ഘോഷിക്കുന്നു.

2 **തീർത്ഥയാത്ര :** പോട്ടയിലെ സർഗ്ഗ അംഗങ്ങൾ വേളാങ്കണ്ണി തീർത്ഥയാത്ര പോകുന്നു.

3 **Sarga Inaugration :-** കാടുകുറ്റി ഗ്രാമപഞ്ചായത്തിൽ ചൈതന്യ സർഗ്ഗ രൂപീകൃതമാവുകയും അതിന്റെ ഔദ്യോഗിക ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിക്കുന്നതുമാണ്.

## V. Community Based Organization

1 **New Year Celebration :-** അവാർഡിന്റെ നേതൃത്വത്തിലുള്ള അഞ്ച് പഞ്ചായത്തുകളിലെയും ദേശം വികസന സംഘടനകൾ പുതുവർഷം ആഘോഷിക്കുന്നു.

2 **Republic Day Celebration :-** അവാർഡിന്റെ നേതൃത്വത്തിലുള്ള ദേശം വികസനസംഘടനകളിലെ ചിൽഡ്രൻസ് ക്ലബ്ബുകൾ 26–ാം തിയ്യതി റിപ്പബ്ളിക്ദിനം ഘോഷിക്കുന്നു.

## VI. Agriculture Department

## A WGDP

1 വേളൂക്കര പുത്തൻചിറ പഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന അരീക്കൽതോട് നീർത്തടപദ്ധതിയുടെ ഭാഗമായി "കർഷകസംഗമവും നീർത്തട ദിനവും" ആചരിക്കുന്നു.

2 **സർട്ടിഫിക്കറ്റ് വിതരണം :** അവാർഡ് പരിശീലനം നൽകിയ അരീക്കൽ തോട് പദ്ധതിപ്രദേശത്തെ 96 വനിതകൾക്കുള്ള ഫാഷൻ ഡിസൈനിംഗ് കോഴ്സിന്റെ സർട്ടിഫിക്കറ്റും കൊളാഷ് മത്സരത്തിലെ ജേതാക്കളായ വിദ്യാർത്ഥികൾക്കും ഉള്ള സർട്ടിഫിക്കറ്റുകളുടെ വിതരണം കുതിരത്തടം സെന്റ് ജോൺസ് പാരിഷ്ഹാളിൽവച്ച് 15–ന് നടക്കും.

## B. KRWSA

എളവള്ളി ഗ്രാമപഞ്ചായത്തിൽ ജലനിധിക്കായുള്ള 63 BG കളിലും ഗുണഭോക്തൃ വിഹിതം കളക്ട് ചെയ്തുവരുന്നു.

**ഫാ. ജോസ് അമ്പൂക്കൻ**
എക്സി. ഡയറക്ടർ

## കെ.എൽ.എം.

### തയ്യൽ ക്ഷേമനിധി കാർഡു വിതരണം

08–12–2012–ൽ മാർ തോമാ സെന്ററിൽവച്ച് ഡയറക്ടർ ഫാ. ആന്റോ കരിപ്പായി 60 പേർക്ക് തയ്യൽക്ഷേമനിധി കാർഡ് വിതരണം നടത്തി. തയ്യൽക്ഷേമനിധി സംസ്ഥാന സെക്രട്ടറി ശ്രീ. കെ.എൽ. പോൾസൺ തയ്യൽ ക്ഷേമനിധിയെക്കുറിച്ച് സംസാരിച്ചു. കെ.എൽ.എം. പെൻഷൻ പദ്ധതിയെക്കുറിച്ചും മറ്റു ക്ഷേമനിധികളെക്കുറിച്ചും ശ്രീ റാഫി മാളിയേക്കൽ, ശ്രീ. ജോണി കെ.വി. എന്നിവർ സംസാരിച്ചു.

### രൂപതാ എക്സിക്യൂട്ടീവ്

കെ.എൽ.എം.ന്റെ ജനറൽബോഡി മീറ്റിങ്ങ് നവംബർ 4–ന് മാർത്തോമാ സെന്ററിൽവച്ച് നടത്തുകയുണ്ടായി. പുതിയതായി രൂപം കൊണ്ട കെ.എൽ.എം. രൂപതാ കമ്മിറ്റി താഴെ പറയുന്നവരാണ്.

ജോസ് യു.ഡി (പ്രസിഡന്റ്), റാഫി മാളിയേക്കൽ (വൈസ് പ്രസിഡന്റ്) ജോൺ കെന്നഡി (ജന. സെക്രട്ടറി), മേരി തോമസ് (ജോ. സെക്രട്ടറി) വി.ഡി. സൈമൺ (ട്രഷറർ), ബാബു തോമസ് (എക്സി. മെമ്പർ, അമ്പഴക്കാട് ഫൊറോന), ജോസ് ചെറിയാൻ (എക്സി. മെമ്പർ, ഇരിങ്ങാലക്കുട ഫൊറോന), വർഗ്ഗീസ് പറനിലം (എക്സി. മെമ്പർ, കൊടകര ഫൊറോന), ജോസ് പി.വി. (എക്സി. മെമ്പർ, കുറ്റിക്കാട് ഫൊറോന), വർഗ്ഗീസ് സി.ജെ. (എക്സി. മെമ്പർ, മാള ഫൊറോന), തോമസ് സി.എ. (എക്സി. മെമ്പർ, പറപ്പൂക്കര ഫൊറോന), ഫ്രാൻസിസ് പെരുമ്പിള്ളി (എക്സി. മെമ്പർ, പുത്തൻചിറ ഫൊറോന), ജോസ് മരോട്ടിക്കൽ (എക്സി. മെമ്പർ, ചാലക്കുടി ഫൊറോന), ജോണി കെ.വി. (ചെറുകിട തോട്ടം തൊഴിലാളി സംസ്ഥാന സെക്രട്ടറി), റോയ് ചിറയത്ത് (SNTU കൺവീനർ), റാണി ജോർജ്ജ് (G.T. കൺവീനർ), ലീന ജോർജ്ജ് (ടൈലറിങ്ങ് കൺവീനർ)

### പുതിയ യൂണിറ്റ്

പടിഞ്ഞാറെ പള്ളിയിൽ 15–12–12ൽ കെ.എൽ.എം. യൂണിറ്റ് രൂപീകൃതമായി. 16–12–12 ഞായറാഴ്ച പുളിങ്കര പള്ളിയിൽ കെ.എൽ.എം.ന്റെ ക്ഷേമപദ്ധതികളെക്കുറിച്ച് ശ്രീ. ജോണി കെ.വി, ശ്രീ. റാഫി മാളിയേക്കൽ, ശ്രീ. ജോസ് മരോട്ടിക്കൽ എന്നിവർ സംസാരിച്ചു.

**ഫാ. ആന്റോ കരിപ്പായി**
ഡയറക്ടർ

## സെന്റ് പോൾസ് മൈനർ സെമിനാരി

1 വിശുദ്ധ തോമാശ്ലീഹായുടെ ഭാരതപ്രവേശന തിരുന്നാളിനോടനുബന്ധിച്ച് സംഘടിപ്പിക്കപ്പെട്ട കൊടുങ്ങല്ലൂർ തീർത്ഥാടനത്തിൽ, അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവിന്റെ നേതൃത്വത്തിൽ ഇരിങ്ങാലക്കുടയിൽനിന്ന് പുറപ്പെട്ട പദയാത്രയിൽ വൈദികവിദ്യാർത്ഥികളും പങ്കുചേർന്നു. സെന്റ് പോൾസ് മൈനർ സെമിനാരി, തിരുഹൃദയഭവനം, ജോൺപോൾ ഭവൻ എന്നിവിടങ്ങളിലെ സെമിനാരിക്കാരും റീജൻസിക്കാരും സംബന്ധിച്ചു.

2 ഇരിങ്ങാലക്കുട സ്പിരിച്വാലിറ്റി സെന്ററിൽ ക്രിസ്തുവിന്റെ രാജത്വതിരുനാളിൽ വൈദികവിദ്യാർത്ഥികൾ പങ്കെടുത്തു.

3 സാഹിത്യസമാജം മീറ്റിങ്ങിൽ പ്രൊഫ. വർഗ്ഗീസ് കള്ളിയത്ത് പ്രഭാഷണകലയിൽ ശ്രദ്ധിക്കേണ്ട സംഗതികളെക്കുറിച്ച് സംസാരിച്ചു.

4 മാസധ്യാനം നയിച്ചത് പഴൂക്കര പള്ളിവികാരി ബഹു. ഡോ. വർഗ്ഗീസ് പെരേപ്പാടൻ അച്ചനായിരുന്നു.

5 പരി. അമലോത്ഭവ മാതാവിന്റെ തിരുനാളിൽ മൂർക്കനാട് വികാരി ബഹു. ഫാ. ലിജു പോൾ പറമ്പത്ത് ആഘോഷമായ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

6 അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

### Burse നൽകിയവർ

1 Annie Jose Kizhakepeedika E. Combara, IJK.
2 L.D. Paul Lappakaran, IJK
3 Nancy Antony Alengattukaran, Rome
4 C.P. Francis Chakkery, Moorkanad
5 Annies Wilson Edattukaran, Mala
6 Ann Sonia Anto Komban Nellissery, IJK.
7 Fr. Joy Kundukulangara, Thalakottukara, Thrissur. In loving memmory of Rev. Fr. Jose Kuttikatt CMI.
8 Rev. Dr. Raphael Ambadan, St. Joseph's Pontifical Seminary Aluva.

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
റെക്ടർ

# ബി. എൽ. എം. ധ്യാനകേന്ദ്രം

**ധ്യാനകേന്ദ്രത്തിലെ ജനുവരി മാസത്തിലെ താമസിച്ചുള്ള ധ്യാനങ്ങൾ**

3, 4, 5, 6 : ആന്തരികസൗഖ്യധ്യാനം
10, 11, 12, 13 : യുവജനധ്യാനം
17, 18, 19, 20 : പരിശുദ്ധാത്മാഭിഷേക ധ്യാനം
24, 25, 26, 27: ആന്തരികസൗഖ്യധ്യാനം
31, 1, 2, 3 : ആന്തരികസൗഖ്യധ്യാനം

**മറ്റ് ശുശ്രൂഷകൾ**

* **ഏകദിന കൺവെൻഷൻ**
എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെ.
* **വിധവകളുടെ ഏകദിനധ്യാനം**
രണ്ടാം തിങ്കളാഴ്ച (14. 01. 2013) രാവിലെ 10 മുതൽ വൈകീട്ട് 3.30 വരെ.
* **ഏകസ്ഥരുടെ ഏകദിനധ്യാനം**
മൂന്നാം തിങ്കളാഴ്ച (21. 01. 2013) രാവിലെ 10 മുതൽ വൈകീട്ട് 3.00 വരെ.
* **ജാഗരണ പ്രാർത്ഥന**
രണ്ടാം ചൊവ്വാഴ്ച (08. 01. 2013) വൈകീട്ട് 6 മുതൽ ബുധനാഴ്ച രാവിലെ 6 വരെ.
* **ദമ്പതികളുടെ കൂട്ടായ്മ**
മൂന്നാം ഞായറാഴ്ച (20. 01. 2013) ഉച്ചതിരിഞ്ഞ് 2 മുതൽ വൈകീട്ട് 4.30 വരെ.
* **മക്കളില്ലാത്ത ദമ്പതികളുടെ കൂട്ടായ്മ**
നാലാം ഞായറാഴ്ച (27. 01. 2013) ഉച്ചതിരിഞ്ഞ് 2 മുതൽ വൈകീട്ട് 4.30 വരെ.
* **മദ്ധ്യസ്ഥ പ്രാർത്ഥന**
എല്ലാദിവസവും രാവിലെ 10 മുതൽ ഉച്ചതിരിഞ്ഞ് 4 വരെ ദിവ്യകാരുണ്യ ആരാധനയും ധ്യാനകേന്ദ്രത്തിനുവേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും

**ഫാ. ജോയ് തറക്കൽ**
ഡയറക്ടർ

## ബൈബിൾ അപ്പസ്തോലെറ്റ്

2012 ഡിസംബർ 9-ാം തിയ്യതി നടത്തിയ ലോഗോസ് ക്വിസിന്റെ അവാർഡ്ദാന ചടങ്ങ് ഏറ്റവും മനോഹരമാക്കിയതിന് ഏവർക്കും നന്ദി. യൂണിറ്റുകളിലെ സമ്മാനങ്ങൾ വാങ്ങാത്തവർ എത്രയും വേഗം അത് വാങ്ങിക്കൊണ്ടു പോകണമെന്ന് അറിയിക്കുന്നു.

**വിശ്വാസവർഷത്തിൽ വിശുദ്ധനാട് തീർത്ഥാടനം**

നമ്മുടെ രൂപതയുടെ ബൈബിൾ അപ്പസ്തോലെറ്റിന്റെ നേതൃത്വത്തിൽ **ഏപ്രിൽ 1 മുതൽ 10 വരെ വിശുദ്ധനാട് സന്ദർശനം നടത്തുന്നു.** നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായ കർത്താവിന്റെ ജനനം, മരണം, ഉത്ഥാനം തുടങ്ങിയ രക്ഷാകരസംഭവങ്ങൾ നടന്ന പുണ്യസ്ഥലങ്ങൾ സന്ദർശിക്കാനും അനുഗ്രഹം പ്രാപിക്കാനും വിശ്വാസം ആഴപ്പെടാനുമുള്ള അവസരം. പോകാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് ബൈബിൾ അപ്പസ്തോലേറ്റ് ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

## സാൻജോസദൻ

1. നവംബർ മാസത്തിൽ 30 പേർ ചികിത്സ സ്വീകരിച്ച് ലഹരി വിമുക്ത ജീവിതം നയിക്കുന്നു.
   നവംബർ 18-ാം തിയ്യതി നടന്ന അൽ-അനോൺ മീറ്റിങ്ങിൽ എ.എ. 100 പേരും അൽ-അനോൺ 33 പേരും പങ്കെടുത്തു. ബഹു. ജോസഫ് ഗോപുരം അച്ചൻ ദിവ്യബലി അർപ്പിച്ച് വചന സന്ദേശം നൽകി. ശ്രീ. കെ.എഫ്. ബാബു മാസ്റ്റർ ക്ലാസ്സ് നയിച്ചു.

**നാളെകൾ**

| | |
|---|---|
| ജനു. 1 | ക്ലിനിക്കൽ മീറ്റിങ്ങ് |
| ജനു. 4 | സ്റ്റാഫ് മീറ്റിങ്ങ് |
| ജനു. 9 | ഇവിടെ ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിങ്ങ് |
| ജനു. 18 | സാൻജോസദൻ പ്രാർത്ഥനാദിനം |
| ജനു. 20 | എ.എ. + അൽ അനോൺ മീറ്റിങ്ങ് |
| ജനു. 23 | ഇവിടെ ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിങ്ങ് |

**ഫാ. ജോസഫ് ഗോപുരം**
ഡയറക്ടർ

## സ്പിരിച്വാലിറ്റി സെന്റർ

1 **ആരാധന :** തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ രാവിലെ 8 മണി മുതൽ വൈകീട്ട് 7.30 വരെ ആരാധനയ്ക്ക് എഴുന്നള്ളിച്ചു വച്ചിരിക്കും.

2 **പ്രേഷിത കൂട്ടായ്മ :** മാസത്തിന്റെ ആദ്യവ്യാഴാഴ്ച ജനുവരി 3-ാം തിയ്യതി ഉച്ചതിരിഞ്ഞ് 2 മണിക്ക്

3 **വചനപ്രഘോഷണവും ആന്തരികസൗഖ്യ ആരാധനയും :** എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 10 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ വചനപ്രഘോഷകർ നയിക്കുന്ന വചനശുശ്രൂഷ, ദിവ്യബലി, കുമ്പസാരം, കൗൺസലിങ്ങ്, ആന്തരികസൗഖ്യ ആരാധന, തൈലാഭിഷേക പ്രാർത്ഥന, ബന്ധനമോചന ശുശ്രൂഷകൾ എന്നിവ നടത്തപ്പെടുന്നു. (കത്തീഡ്രൽ പള്ളി യിൽവച്ചായിരിക്കും ശുശ്രൂഷകൾ നടത്തപ്പെടുക)

4 **ജെറീക്കോ പ്രാർത്ഥന :** ജനുവരി 12-ാം തിയ്യതി ശനിയാഴ്ച വൈകിട്ട് 5 മണിയുടെ കുർബാനയോടെ ആരംഭിക്കുന്നു. രാത്രി 8 മണിയോടെ സമാപിക്കുന്നു.

5 **അഖണ്ഡ ജപമാല :** ജനുവരി 27-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മുതൽ വൈകീട്ട് 8 മണി വരെ.

6 ബഹു. സിസ്റ്റേഴ്സിനുവേണ്ടി ഓരോ ദിവസവും പ്രത്യേകം പ്രാർത്ഥിക്കുന്നു. ഓരോ കോൺവെന്റിനും ജനുവരി മാസത്തിൽ നിശ്ചയിച്ചിരിക്കുന്ന ദിവസം താഴെ ചേർക്കുന്നു.

1 Christuraj Convent, Kodungallur
2 St. Thomas Bhavan, Kodungallur
3 Antonianum, Konnakuzhy
4 St. Ann's, Koplipadam
5 St. John Baptist, Kottat
7 Nirmala, Kuzhikattukonam
8 St. Xavier, Mapranam
9 Assara Bhavan, Maramcode
10 Sevanasadan, Pillapara
11 Dhanya, Potta
12 Rosary, Potta
14 Fathima, Poyya

15 St. Thomas Puliparambu

16 Bl. Alphonsa, Pulinkara

17 St. Mary's, Pullut

18 O.L. of Dolours, S. Thanissery

19 Lady Grace, Thuruthyparambu

21 Presentation, Vellikulangara

22 St. Paul, Vellinkulangara

23 St. Paul's, W. Chalakudy

24 Santhibhavan, Moonumury

25 St. Joseph, Poovathussery

26 Nirmala, Nellayi

28 St. Mary's, Thazhoor

29 Holy Cross, Potta

30 Sisters of the Cross of Chavanand

31 Santhi Nilayam, Kuzhur

**ഫാ. തോമസ് മേനാച്ചേരി**
വൈസ് റെക്ടർ

---

## നവചൈതന്യ

**ജനുവരി 2013**

| | | |
|---|---|---|
| 6 | : | ആദ്യഞ്ഞായർ കൂട്ടായ്മ, ഫോളോ അപ്പ് സെമിനാർ, NARF മീറ്റിംഗ് |
| 9 | : | പ്രാർത്ഥനാദിനം, സ്റ്റാഫ് മീറ്റിംഗ് |
| 12–19 | : | ലഹരിമോചന പരിശീലനക്യാമ്പ് |
| 13 | : | ജാഗരണപ്രാർത്ഥന |
| 14 | : | എഡിറ്റോറിയൽ & റിസോഴ്സ് ടീം മീറ്റിംഗ് |
| 19 | : | ലീഡേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിംഗ് |
| 24 | : | ഔട്ട്റീച്ച് പ്രോഗ്രാം |
| 25–26 | : | സ്ത്രീകളുടെ ക്യാമ്പ് |
| 28, 29, 30 | : | ഫീൽഡ് വിസിറ്റ് |

**ഫാ. ബെന്നി കരുമാലിക്കൽ**
ഡയറക്ടർ

# കാത്തലിക് മൂവ്മെന്റ്

ഇരിങ്ങാലക്കുട രൂപത കാത്തലിക് മൂവ്മെന്റിന്റെ വാർഷിക പൊതുയോഗം ആളൂർ ബി.എൽ.എം.-ലെ മാർതോമാ സെന്ററിൽവച്ച് രൂപതാ ഡയറക്ടർ റവ. ഫാ. ജോൺ കവലക്കാട്ട് (Jr.) അധ്യക്ഷതയിൽ നടത്തപ്പെട്ടു. 2012 ഡിസംബർ മുതൽ 2014 ഡിസംബർ വരെയുള്ള കാലയളവിലേക്ക് പുതിയ ഭരണസമിതിയെ യോഗത്തിൽവെച്ച് തെരഞ്ഞെടുത്തു.

**കാത്തലിക് മൂവ്മെന്റിന്റെ (CM) പുതിയ ഭാരവാഹികൾ**

| | | |
|---|---|---|
| ചെയർമാൻ | : | കെ.ജെ. ജോളി കുളങ്ങര, കുറ്റിക്കാട് |
| വൈസ് ചെയർമാൻ | : | ബൈജു പള്ളിപ്പാട്ട്, വല്ലക്കുന്ന് |
| ജനറൽ സെക്രട്ടറി | : | ഡേവിസ് തുളുവത്ത്, കല്ലേറ്റുംകര |
| ജോ. സെക്രട്ടറി | : | പി.ടി. മാണി, മാളവന |
| ഖജാൻജി | : | വി.എം. ലോനപ്പൻ, കൊടകര |
| ക്യാപ്റ്റൻ | : | വിൻസന്റ് കാനംകൂടം, വെളയനാട് |
| മേഖല കൺവീനർ ചാലക്കുടി | : | ജോൺസൺ പോട്ടക്കാരൻ, പൂവ്വത്തിങ്കൽ |
| മേഖല കൺവീനർ ഇരിങ്ങാലക്കുട | : | എ.പി. വിൽസൺ, എടത്തിരുത്തി |

**ഫാ. ജോൺ കവലക്കാട്ട് (Jr.)**
ഡയറക്ടർ

---

# കരിസ്മാറ്റിക് മൂവ്മെന്റ്

**മദ്ധ്യസ്ഥ പ്രാർത്ഥനാദിനം :** ഇരിങ്ങാലക്കുട രൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 7 തിങ്കളാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 3 വരെ ആളൂർ ബി.എൽ.എം.-ൽ മദ്ധ്യസ്ഥ പ്രാർത്ഥനാദിനം ആചരിക്കുന്നു. പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ പങ്കെടുക്കണം.

**സർവ്വീസ് ടീം മീറ്റിംഗ് :** ജനുവരി 21 തിങ്കളാഴ്ച സർവ്വീസ് ടീം മീറ്റിംഗ് ഉച്ചകഴിഞ്ഞ് 2.30-ന് ആളൂർ ബി.എൽ.എം.-ൽ ഒത്തുചേരുന്നു. സർവ്വീസ് ടീം അംഗങ്ങൾ പങ്കെടുക്കണം.

**ഫാ. ജോയ് തറയ്ക്കൽ**
ഡയറക്ടർ

## ഇടയന്റെ നാളുകൾ

**ജനുവരി 2013**

| | | |
|---|---|---|
| 1 | 9.00 am | പുത്തൻചിറ ഫൊറോന പള്ളി |
| 2 | 9.00 am | തച്ചുടപറമ്പ് പള്ളി |
| | 4.00 pm | കാരോട്ടുകര സ്കൂൾ |
| 3 | 10.00 am | മാസധ്യാനം |
| | 5.00 pm | ഇരിങ്ങാലക്കുട ക്രൈസ്റ്റ് വിദ്യാനികേതൻ |
| | 7.00 pm | തുമ്പരശ്ശേരി പള്ളി |
| 4 | 2.30 pm | സ്നേഹഗിരി പള്ളി |
| 5 | 9.00 am | കോട്ടയ്ക്കൽ പള്ളി |
| | 2.00 pm | മുപ്ലിയം വിമൽജ്യോതി സ്കൂൾ |
| 6 | 10.00 am | കത്തീഡ്രൽ പള്ളി |
| | 3.00 pm | കുഴിക്കാട്ടുശ്ശേരി പള്ളി |
| 7–11 | | സിനഡ്–കാക്കനാട് മൗണ്ട് സെന്റ് തോമസ് |
| 12 | 9.30 am | ഇരിങ്ങാലക്കുട ഡോൺബോസ്കോ |
| | 2.00 pm | കുഴിക്കാട്ടുശ്ശേരി ഹോസ്പിറ്റൽ |
| | 5.00 pm | പഴൂക്കര സെന്റ് ജോസഫ്സ് സ്കൂൾ |
| | 6.30 pm | പുത്തൻചിറ |
| 13 | 4.30 pm | മുരിങ്ങൂർ പള്ളി |
| 14 | 10.30 am | പോട്ട പള്ളി |
| | 2.30 pm | ചാലക്കുടി മെഡിക്കൽ അക്കാദമി |
| 15 | | സന്ദർശകദിനം |
| 16 | 10.00 am | കുഴിക്കാട്ടുശ്ശേരി സ്കൂൾ |
| | 5.30 pm | മുരിയാട് പള്ളി |
| 17 | 5.30 pm | ആലമറ്റം പള്ളി |
| 18 | | പ്രാർത്ഥനാദിനം |
| 19 | 10.30 am | ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളി |
| | 4.00 pm | പാറക്കടവ് ലാസലറ്റ് ഭവൻ |
| 20 | 10.00 am | മാരാംകോട് പള്ളി |
| | 4.00 pm | എലിഞ്ഞിപ്ര ബെത്ലഹേം ആശ്രമം |
| 21 | | ഇരിങ്ങാലക്കുട |
| 22 | | സന്ദർശകദിനം |
| 23 | 2.00 pm | ചാലക്കുടി |
| 24 | 2.00 pm | കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻ സ്കൂൾ |
| | 2.30 pm | ചാലക്കുടി മെഡിക്കൽ അക്കാദമി |
| | 5.30 pm | നോർത്ത് ചാലക്കുടി പള്ളി |
| 25 | | പ്രാർത്ഥനാദിനം |
| 26 | 10.00 am | പോട്ട പള്ളി |
| 27 | 4.00 pm | വാടച്ചിറ പള്ളി |
| 28 | | ഇരിങ്ങാലക്കുട |
| 29 | | സന്ദർശകദിനം |
| 30 | 5.00 pm | ആനത്തടം സ്കൂൾ |
| 31 | 5.30 pm | പറപ്പൂക്കര സ്കൂൾ |

## ഇടയന്റെ ഇന്നലെകൾ

**ഡിസംബർ 2012**

| | | |
|---|---|---|
| 01–05 | | വിശുദ്ധനാട് സന്ദർശനം നടത്തി. |
| 06 | 11.30 am | നെല്ലായി നിർമ്മല കോൺവെന്റിൽ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. |
| | 2.00 pm | ഇരിങ്ങാലക്കുട വിദ്യാജ്യോതിയിൽ പുസ്തകമേള ഉദ്ഘാടനം ചെയ്തു. |
| | 3.00 pm | ബ്ലസ് എ ഹോം പദ്ധതിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. |
| | 5.00 pm | സഹൃദയ എൻജിനീയറിംഗ് കോളേജിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. |
| 07 | 9.30 am | ആളൂർ തിരുഹൃദയ ഭവനിൽ വി. ബലി അർപ്പിച്ചു; നാലാം വർഷ സെമിനാരിക്കാരുമായി കൂടിക്കാഴ്ച നടത്തി. |
| 08 | 6.30 am | ഇരിങ്ങാലക്കുട അൽവേർണിയ കോൺവെന്റിൽ വി. ബലി അർപ്പിച്ചു. |
| | 10.00 am | രൂപതാഭവനത്തിൽ നടന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. |
| | 5.00 pm | ഇരിങ്ങാലക്കുട സാന്ത്വനസദൻ വാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു; പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 09 | 9.30 am | തിരുമുക്കുളം ഇടവക ദേവാലയത്തിൽ വി. ബലി അർപ്പിച്ചു; പുതിയ ഇടവക കാര്യാലയത്തിന്റെ അടിസ്ഥാനശില ആശീർവ്വദിച്ചു. |
| | 12.30 pm | ആളൂർ ബി.എൽ.എം–ൽ ബെത്ലഹെം ബൈബിൾ കൺവെൻഷൻ 2012ന്റെ സമാപനസന്ദേശം നൽകി. |
| | 2.00 pm | ഇരിങ്ങാലക്കുട വിദ്യാജ്യോതിയിൽ ബൈബിൾ കലോത്സവത്തിന്റെ സമ്മാനദാനം നിർവ്വഹിച്ചു. |
| | 4.00 pm | പേരാമ്പ്ര ഇടവകയിലെ തേശ്ശേരി കുരിശുപള്ളിയെ സ്വതന്ത്ര ഇടവകയായി ഉയർത്തി; വി. ബലി അർപ്പിച്ചു. |
| 10 | 6.30 am | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ വി. ബലി അർപ്പിച്ചു. |
| | 10.00 am | രൂപതയിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു. |
| | 1.15 pm | വൈദികക്ഷേമനിധിയുടെ ജനറൽബോഡി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. |
| 11–13 | | പാലാരിവട്ടം P.O.C.-യിൽ KCBC യോഗത്തിൽ പങ്കെടുത്തു. |
| 13 | 3.00 pm | കൊടകര സഹൃദയ എൻജി. കോളേജിന്റെ ദശവത്സരാഘോഷ സമാപന പരിപാടികളിൽ പങ്കെടുത്തു. |
| | 6.30 pm | ഇരിങ്ങാലക്കുട വിദ്യാജ്യോതിയിൽ ജസ്റ്റീസ് ഫോറത്തിന്റെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. |
| 14 | 6.45 am | ആളൂർ നവചൈതന്യയിൽ വി. ബലി അർപ്പിച്ചു. |
| | 8.30 am | കുറ്റിക്കാട് റവ. ഫാ. സെബാസ്റ്റ്യൻ കരിപ്പായിയുടെ പിതാവിന്റെ നിര്യാണത്തിൽ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു. |
| | 10.00 am | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മതബോധന ഡയറക്ടർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. |

| | | |
|---|---|---|
| 15 | 9.40 am | കല്ലേറ്റുംകര പാക്സിൽ തിയോളജി കോഴ്സിൽ പങ്കെടുക്കുന്ന അത്മായർക്ക് ലിറ്റർജി ക്ലാസ് എടുത്തു. |
| | 2.30 pm | മെഴ്സി ട്രസ്റ്റിന്റെ മീറ്റിംഗിൽ പങ്കെടുത്തു. |
| | 4.30 pm | പേരാമ്പ്രയിൽ ഫാ. സജി പൊന്മിനിശ്ശേരിയുടെ അനുജൻ ജോജിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 5.30 pm | കല്ലേറ്റുകര PACS-ൽ ഏകോപനസമിതി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. |
| | 7.00 pm | ഏകോപനസമിതി അംഗങ്ങൾക്കായുള്ള ധ്യാനത്തിന്റെ ആമുഖസന്ദേശം നൽകി. |
| 16 | 9.00 am | പാറേക്കാട്ടുകര ഇടവകയിൽ വി. ബലിയർപ്പിച്ചു. |
| | 11.30 am | ആളൂർ BLM–ൽ യുവജനധ്യാനത്തിന് സന്ദേശം നൽകി. |
| | 12.00 noon | രൂപതാഭവനത്തിൽ വക്കീൽമാരുടെ സംഗമത്തിൽ പങ്കെടുത്തു. |
| | 3.30 pm | ഇരിങ്ങാലക്കുട കത്തീഡ്രൽ ഇടവകയിൽ സംഘടിപ്പിച്ച 'പ്രൊഫഷണൽ മീറ്റ്' ഉദ്ഘാടനം ചെയ്തു. |
| | 6.00 pm | കൊന്നക്കുഴി കോൺവെന്റിൽ ക്ലാരിസ്റ്റ് സന്യാസിനി സമൂഹത്തിന്റെ സിനാക്സിസിൽ ക്ലാസ്സ് എടുത്തു. |
| 17 | 2.00 pm | ആളൂർ BLM–ൽ ഏകസ്ഥരുടെ കൂട്ടായ്മയിൽ സന്ദേശം നൽകി. |
| | 4.00 pm | എലിഞ്ഞിപ്ര ബെത്‌ലഹെം ആശ്രമത്തിൽ നടന്ന ഫ്രാൻസിസ്കൻ അത്മായസഭയുടെ ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു |
| | 8.00 pm | കൊടകര സഹൃദയ എൻജിനീയറിംഗ് കോളേജിൽ യുവവൈദികരുടെ പഠനക്യാമ്പിൽ സന്ദേശം നൽകി. |
| 18 | 6.30 am | കല്ലേറ്റുംകര പാക്സിൽ വി. ബലി അർപ്പിച്ചു. |
| | 8.30 am | സന്ദർശകരെ സ്വീകരിച്ചു. |
| | 4.30 pm | രൂപതാഭവനത്തിൽ യൂത്ത് സെന്റർ ആലോചനാസമിതി മീറ്റിംഗിൽ പങ്കെടുത്തു. |
| 19 | 9.30 am | വിവിധ മീറ്റിങ്ങുകളിൽ പങ്കെടുത്തു. |
| | 6.00 pm | ആളൂർ തിരുഹൃദയഭവനിൽ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു. |
| 20 | 2.00 pm | ചാലക്കുടി സെന്റ് ജെയിംസ് മെഡിക്കൽ അക്കാദമിയിൽ ആദ്യവർഷ നഴ്സിംഗ് വിദ്യാർത്ഥികളുടെ തിരിതെളിയിക്കൽ ചടങ്ങിൽ പങ്കെടുത്തു. |
| | 5.00 pm | തുരുത്തിപറമ്പ് ഇടവകയിൽ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. |
| | 6.00 pm | ഇരിങ്ങാലക്കുട സെന്റ് പോൾസ് മൈനർ സെമിനാരിയിൽ ക്രിസ്തുമസ് ആഘോഷങ്ങളിൽ സംബന്ധിച്ചു. |
| 21 | 10.00 am | നോർത്ത് കുത്തിയതോട് ഇടവകയിൽ റവ. ഫാ. തോമസ് താടിക്കാരന്റെ 41–ാം ചരമദിനത്തിന് വി. ബലിയർപ്പിച്ചു. |
| | 12.30 pm | സഹൃദയ എൻജി. കോളേജിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| | 6.00 pm | പുൽപ്പാറക്കുന്ന് ജോൺപോൾ ഭവനിൽ ക്രിസ്തുമസ് ആഘോഷങ്ങളിൽ സംബന്ധിച്ചു. |
| 22 | 10.00 am | കത്തീഡ്രൽ ഹാളിൽ സോഷ്യൽ ആക്ഷൻ സംഘടിപ്പിച്ച മീറ്റിംഗിൽ പങ്കെടുത്തു. |

| | | |
|---|---|---|
| | 10.30 am | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ മേജർ സെമിനാരി വിദ്യാർത്ഥികളുടെ സംഗമത്തിൽ അധ്യക്ഷത വഹിച്ചു. |
| | 1.30 pm | ഇരിങ്ങാലക്കുടയിൽ തിരുബാലസഖ്യം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. |
| | 2.00 pm | ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജ് ഓഡിറ്റോറിയത്തിൽ യുവജനസംഗമത്തിൽ സന്ദേശം നൽകി. |
| | 3.00 pm | ആളൂർ ബിബ്ളിയ പബ്ലിക്കേഷൻസിന്റെ പുസ്തകപ്രകാശന ചടങ്ങിൽ പങ്കെടുത്തു. |
| 23 | | ചെന്നൈയിൽ സീറോമലബാർ സഭയിലെ അംഗങ്ങളുടെ ക്രിസ്തുമസ് ആഘോഷപരിപാടികളിൽ പങ്കെടുത്തു. |
| 24 | 11.30 pm | ഇരിങ്ങാലക്കുട കത്തീഡ്രൽ ഇടവക ദേവാലയത്തിൽ തിരുപ്പിറവിയുടെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 25 | | ക്രിസ്തുമസ് ആഘോഷിച്ചു. |
| 26 | 9.30 am | വെള്ളിക്കുളങ്ങര ഇടവക ദേവാലയത്തിൽ ഡീക്കൻ ബിവിൻ കളമ്പാടന് തിരുപ്പട്ടം നൽകി. |
| | 6.00 pm | വെള്ളിക്കുളങ്ങര ഹോളിഫാമിലി ഇടവകയുടെ പ്ലാറ്റിനം ജൂബിലി സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 27 | 9.00 am | ആളൂർ സെന്റ് ജോസഫ് ഇടവക ദേവാലയത്തിൽ ഡീക്കൻ മെൽവിൻ പെരേപ്പാടന് തിരുപ്പട്ടം നൽകി. |
| | 2.00 pm | മേലഡൂർ ഇടവക ദേവാലയത്തിൽ ഡീക്കൻ സെബിൻ എടാട്ടുകാരന് തിരുപ്പട്ടം നൽകി. |
| 28 | 6.30 am | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രതിഭാസംഗമത്തിന് വി. ബലി അർപ്പിച്ചു. |
| | 5.00 pm | വടക്കുംകര ഇടവക ദേവാലയത്തിൽ വി. ബലി അർപ്പിച്ചു; ഇടവകദിനാഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. |
| 29 | 9.00 am | ചാലക്കുടി ഫൊറോന ദേവാലയത്തിൽ ഡീക്കൻ ജോസഫ് കിഴക്കുംതലക്ക് തിരുപ്പട്ടം നൽകി. |
| | 2.00 pm | മതിലകം ഇടവക ദേവാലയത്തിൽ ഡീക്കൻ സിനു അരിമ്പൂപറമ്പിലിന് തിരുപ്പട്ടം നൽകി. |
| | 6.00 pm | ഇരിങ്ങാലക്കുട ശാന്തിസദൻ വാർഷികാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. |
| 30 | 9.00 am | എലിഞ്ഞിപ്ര സെന്റ് ഫ്രാൻസിസ് ദേവാലയത്തിൽ ഡീക്കൻ ലിന്റോ വെള്ളാനി സി.എം.ഐ.ക്ക് തിരുപ്പട്ടം നൽകി. |
| | 3.00 pm | പടിഞ്ഞാറെ ചാലക്കുടി ഇടവകയിലെ സി.വൈ.എം. സംഘടനയുടെ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു; പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| | 6.00 pm | പുളിയിലക്കുന്നിൽ റവ. ഫാ. സിറിയക് കണിച്ചായിയുടെ സുവർണ്ണജൂബിലിയാഘോഷത്തിന്റെ പൊതുസമ്മേളനത്തിൽ പങ്കെടുത്തു. |
| 31 | 9.00 am | വാസുപുരം ഇടവക ദേവാലയത്തിൽ ഡീക്കൻ ലെസ്ലിൻ ചെറുപറമ്പിലിന് തിരുപ്പട്ടം നൽകി. |
| | 2.00 pm | കൊടകര ഫൊറോന ദേവാലയത്തിൽ ഡീക്കൻ ജോവർഗ്ഗീസ് MSFS-ന് തിരുപ്പട്ടം നൽകി; അനുമോദനസമ്മേളനം ഉദ്ഘാടനം ചെയ്തു. |